OASIS
NEWS BULLETIN മരുപ്പച്ച
Older Adults Sharing In Service

STATE BANK OF INDIA PENSIONERS' ASSOCIATION (KERALA) KOTTAYAM DISTRICT CENTRE

Vol. IV Book.03 Regd. No. ER/450/2001 1197 കുംഭം – മീനം 2022 മാർച്ച് Date: 31.03.2022

# അന്താരാഷ്ട്ര വനിതാ ദിനം മാർച്ച് 8ന്

സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായ ഒരു മികച്ച നാഴികക്കല്ലാണ് അന്താരാഷ്ട്ര വനിതാ ദിനാചരണം. ആരോഗ്യം, വിദ്യാഭ്യാസം, സാമ്പത്തികം, രാഷ്ട്രീയം, തൊഴിൽ, കുടുംബം തുടങ്ങിയ മേഖലകളിൽ സ്ത്രീ നേടിയ മുന്നേറ്റത്തിന്റെ ഓർമ്മപ്പെടുത്തൽ കൂടിയാണ് ഈ ദിവസം.

ഒരു ലിംഗ സമത്വ ലോകം സങ്കൽപ്പിക്കുക. പക്ഷപാതവും സര്വ്വസാധാരണമായ സ്ഥിരസങ്കല്പനവും (സ്റ്റീരിയോടൈപ്പുകളും) വിവേചനവും ഇല്ലാത്ത ഒരു ലോകം.. വൈവിധ്യവും സമത്വവും ഉൾക്കൊള്ളുന്നതുമായ ഒരു ലോകം. വ്യത്യസ്തതയെ വിലമതിക്കുകയും ആഘോഷിക്കുകയും ചെയ്യുന്ന ലോകം.. നമുക്ക് ഒരുമിച്ച് സ്ത്രീ സമത്വം രൂപപ്പെടുത്താം. നമുക്കെല്ലാവർക്കും കൂട്ടായി പക്ഷപാതം തകർക്കാൻ കഴിയും.



"ബ്രേക്ക് ദ ബയാസ്" എന്ന ആപ്ത വാക്യത്തിന്റെ കൈമുദ്ര.




# സുസ്ഥിരമായ നാളേക്കായി ഇന്ന് ലിംഗസമത്വം

കാലാവസ്ഥാ പ്രതിസന്ധിയുടെയും ദുരന്തസാധ്യത കുറയ്ക്കുന്നതിന്റെയും പശ്ചാത്തലത്തിൽ ലിംഗസമത്വം മുന്നോട്ട് കൊണ്ടുപോകുന്നത് 21- ാം നൂറ്റാണ്ടിലെ ഏറ്റവും വലിയ ആഗോള വെല്ലുവിളിയാണ്.

ലോകത്തിലെ ദരിദ്രരിൽ ഭൂരിഭാഗവും വരുന്നതും കാലാവസ്ഥാ വ്യതിയാനം ഏറ്റവും കൂടുതൽ ഭീഷണിപ്പെടുത്തുന്ന പ്രകൃതിവിഭവങ്ങളെ കൂടുതൽ ആശ്രയിക്കുന്നതുമായതിനാൽ, കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾക്ക് പുരുഷന്മാരേക്കാൾ കൂടുതൽ ഇരയാകുന്നത് സ്ത്രീകൾ ആണെന്ന് അംഗീകരിക്കപ്പെടുന്നു.

അതേ സമയം, സ്ത്രീകളും പെൺകുട്ടികളും ഫലപ്രദവും ശക്തവുമായ നേതാക്കളും കാലാവസ്ഥാ പൊരുത്തപ്പെടുത്തലിനും ലഘൂകരണത്തിനും വേണ്ടി മാറ്റമുണ്ടാക്കുന്നവരുമാണ്. അവർ ലോകമെമ്പാടുമുള്ള സുസ്ഥിര സംരംഭങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു, അവരുടെ പങ്കാളിത്തവും നേതൃത്വവും കൂടുതൽ ഫലപ്രദമായ കാലാവസ്ഥാ പ്രവർത്തനത്തിന് കാരണമാകുന്നു.




കാലാവസ്ഥാ വ്യതിയാനം, സുസ്ഥിരത എന്നിവയുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ എടുക്കുന്നതിൽ സ്ത്രീകളെയും പെൺകുട്ടികളെയും തുല്യ പങ്കാളികളാക്കുന്നതിനും ശാക്തീകരിക്കുന്നതിനുമുള്ള ശ്രമങ്ങൾ വേണം. അവസരങ്ങളും പരിമിതികളും തുടർച്ചയായി പരിശോധിക്കുന്നത് സുസ്ഥിര വികസനത്തിനും വലിയ ലിംഗ സമത്വത്തിനും അത്യന്താപേക്ഷിതമാണ്. ഇന്ന് ലിംഗസമത്വ

മില്ലാതെ, സുസ്ഥിരമായ ഒരു ഭാവിയും തുല്യമായ ഭാവിയും നമ്മുടെ പരിധിക്കപ്പുറമാണ്. ഈ അന്താരാഷ്ട്ര വനിതാ ദിനത്തിൽ, 'സുസ്ഥിരമായ നാളേക്കായി ഇന്ന് ലിംഗസമത്വം' അവകാശപ്പെടാം.






## നിങ്ങൾക്കറിയാമോ?

- ദാരിദ്ര്യത്തിൽ കഴിയുന്ന 1.3 ബില്യൺ ജനങ്ങളിൽ എഴുപത് ശതമാനവും സ്ത്രീകളാണ്.
- നഗരപ്രദേശങ്ങളിൽ, ദരിദ്രരായ 40 ശതമാനം കുടുംബങ്ങളുടെയും നേതൃത്വം ഗൃഹനായികമാരായ സ്ത്രീകൾക്കാണ്.
- ലോകത്തിലെ ഭക്ഷ്യോൽപ്പാദനത്തിൽ 50-80 ശതമാനം സ്ത്രീകളുടെ പങ്കിനാണ് മുൻതൂക്കം.
- എന്നാൽ അവർക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം 10 ശതമാനത്തിൽ താഴെ മാത്രമാണുള്ളത്.
- ലോകമെമ്പാടുമുള്ള കാലാവസ്ഥയുമായി ബന്ധപ്പെട്ട ദുരന്തങ്ങളും മാറ്റങ്ങളും മൂലം കുടിയിറക്കപ്പെട്ടവരിൽ 80 ശതമാനവും സ്ത്രീകളും പെൺകുട്ടികളുമാണ്.
- കാലാവസ്ഥാ വ്യതിയാനം, ലിംഗാധിഷ്ഠിത അക്രമങ്ങൾ, ശൈശവ വിവാഹങ്ങളുടെ വർദ്ധനവ്, ലൈംഗികവും പ്രത്യുൽപ്പാദനപരവുമായ അതിക്രമങ്ങൾ എന്നിവ മോശമായ ആരോഗ്യ നിലയിലേക്ക് സ്ത്രീകളെ നയിച്ചേക്കാം.

# കോട്ടയം ജില്ലാ കേന്ദ്രത്തിന്റെ പൊതുയോഗവും തിരഞ്ഞെടുപ്പും

സ്റ്റേറ്റ് ബാങ്ക് പെൻഷനേഴ്സ് അസോസിയേഷൻ കോട്ടയം ജില്ലാ കേന്ദ്രത്തിന്റെ 2021–22ലെ വാർഷിക പൊതുയോഗം 12-03-2022 ശനിയാഴ്ച രാവിലെ 10.30 മണിക്ക് കോട്ടയം ബേക്കർ എൽ.പി.സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് കൊറോണ പ്രോട്ടോക്കോൾ പാലിച്ച് നടത്തി. ജില്ലാ പ്രസിഡന്റ് എം.ജി. രാഘവൻ അധ്യക്ഷത വഹിച്ചു . 312 പേർ യോഗത്തിൽ പങ്കെടുത്തു.

നമ്മുടെ സംസ്ഥാന പ്രസിഡന്റ് കെ. രാജീവൻ ഓൺലൈനിൽ കോട്ടയത്തെ പ്രവർത്തകരെ അഭിസംബോധന ചെയ്തുകൊണ്ടു യോഗ നടപടികൾക്ക് തുടക്കം കുറിച്ചു. കോട്ടയം ജില്ലയുടെ പ്രവർത്തനങ്ങളെ അദ്ദേഹം വിലയിരുത്തി സംസാരിച്ചു. മികച്ച രീതിയിൽ പ്രവർത്തനം കാഴ്ച്ച വെയ്ക്കുന്ന ജില്ലാ നേത്രുത്വത്തെ അദ്ദേഹം അഭിനന്ദിച്ചു. പെൻഷൻകാർക്കായി സഹകരണസംഘം, കാരുണ്യ നിധി, എല്ലാ മാസവും പുതിയ വിശേഷങ്ങളുമായി നമ്മുടെ കൈകളിൽ എത്തുന്ന **OASIS**, തുടങ്ങിയത് കോട്ടയത്തിന്റെ സവിശേഷ സംഭാവനയാണ്. അതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന ജില്ലാ പ്രസിഡന്റ് എം. ജീ. രാഘവനെ അദ്ദേഹം അഭിനന്ദിച്ചു. യോഗത്തിനു എല്ലാ ആശംസകളും നേർന്നു കൊണ്ട് എല്ലാ പ്രവർത്തകർക്കും അഭിവാദ്യം നേർന്നു കൊണ്ട് പ്രസംഗം പര്യവസാനിപ്പിച്ചു. തുടർന്ന് ബഹറിനിൽ നിന്ന് സ്റ്റേറ്റ് കമ്മിറ്റി അംഗം റൈസാ ബീഗം പൊതുയോ ഗത്തിന് ആശംസകൾ നേർന്നു .

നമ്മുടെ അംഗം പി. സി. പീറ്ററുടെ ഘനഗംഭീരവും ഹൃദ്യവുമായ പ്രാർത്ഥനാ ഗാനത്തിന് ശേഷം 11 മണിയ്ക്ക് ബഹു. കോട്ടയം ജില്ലാ കളക്ടർ ഡോ. പി.കെ. ജയശ്രീ ഭദ്രദീപം കൊളുത്തി ഉൽഘാടനം നിർവഹിച്ചു .



ഡോ.പി.കെ.ജയശ്രീ ഭദ്രദീപം കൊളുത്തുന്നു. ജില്ലാ ഭാരവാഹികൾക്കൊപ്പം ഡെ. ജനറൽ മനേജർ സുരേഷ് വാക്കിയിൽ.എസ്.ബി.ഐ.ഓ.എ. ഡെപ്യൂട്ടി ജനറൽ സെക്രട്ടറി അലക്സ് മണ്ണുരാൻ പറമ്പിൽ, എന്നിവർ സമീപം




ഉദ്ഘാടനത്തിനു ശേഷം സദസ്സിനെ അഭിസംബോധന ചെയ്തു സംസാരിക്കുന്ന ജില്ലാ കളക്ടർ ഡോ. പി. കെ. ജയശ്രീ. കോട്ടയം ഡിജിഎസ്, മാത്യു അടയ്ക്കമുണ്ടയ്ക്കൽ, സംസ്ഥാന വൈസ് പ്രസിഡന്റ് ബി..സി.ഉണ്ണ്കൃഷ്ണൻ, ജില്ലാ പ്രസിഡന്റ് എം.ജി. രാഘവൻ, ഡെ. ജനറൽ മനേജർ സുരേഷ് വാക്കിയിൽ, .എസ്.ബി.ഐ. ഓ.എ. ഡെപ്യൂട്ടി ജനറൽ സെക്രട്ടറി അലക്സ് മണ്ണുരാൻ പറമ്പിൽ, ജില്ലാ സെക്രട്ടറി പി.എം. ജേക്കബ് എന്നിവർ വേദിയിൽ

സർവീസിൽ നിന്ന് വിരമിച്ചവർ സാമൂഹ്യ പ്രതിബദ്ധതയുള്ള സമൂഹ സൃഷ്ടിയ്ക്കായി ശ്രമിക്കണം , പരസ്പര വിശ്വാസത്തിന്റെ അന്തരീക്ഷം ഉണ്ടാക്കണം എന്ന് അവർ ഉദ്ബോധിപ്പിച്ചു. അന്താരാഷ്ട്ര വനിതാ ദിനത്തിന്റെ തൊട്ടു പിന്നാലെ നടക്കുന്ന ഈ സമ്മേളനത്തിന്റെ മുൻ നിരയിൽ വനിതകളെ കാണാത്തതിൽ നിരാശ പ്രകടിപ്പിക്കുകയും ചെയ്തു.



ഭദ്രദീപം കൊളുത്തുന്നതിൽ ജില്ലാ കളക്ടർ ഡോ. പി.കെ. ജയശ്രീയോടൊപ്പം പങ്ക് ചേർന്ന് ഡെ. ജനറൽ മനേജർ ശ്രീ. സുരേഷ് വാക്കിയിൽ. സംസ്ഥാന വൈസ് പ്രസിഡന്റ് ബി.സി.ഉണ്ണ്കൃഷ്ണൻ നായരേയും കാണാം.

## അനുശോചനം

ഈ കാലയളവിൽ നമ്മുടെ സംഘടനയിലെ ചില സുപ്രധാന പ്രവർത്തകരും, അംഗങ്ങളും അവരുടെ അടുത്ത കടുംബാംഗങ്ങളുമായി 62 പേർ കാലയവനിക ക്കുള്ളിൽ മറഞ്ഞു. ഇവരുടെ ഓരോരുത്തരുടെയും പേരുകൾ ജില്ലാ പ്രസിഡന്റ് എടുത്തു പറഞ്ഞ് അനുശോചിച്ചു. ഈ തീരാ നഷ്ടം അംഗങ്ങളുടെ മനസ്സിൽ ഒരു നീറ്റലായി അവശേഷിക്കുന്നു. നമ്മേ വിട്ട് നിത്യശാന്തതയിൽ വിലയം പ്രാപിച്ചവരുടെ ആത്മശാന്തിക്കായി ഒരു മിനിട്ട് സദസ്സ് പ്രർത്ഥനാ നിരതമായി.



ഭദ്രദീപം കൊളുത്തുന്നതിൽ ജില്ലാ കളക്ടർ ഡോ. പി.കെ. ജയശ്രീയോടൊപ്പം പങ്ക് ചേർന്ന് ജില്ലാ പ്രസിഡന്റ് എം.ജി. രാഘവൻ



നമ്മളെ വിട്ടു പിരിഞ്ഞ അംഗം എ.കെ. ദിവാകരന്റെ കുടുംബത്തിനുള്ള ബെനവലന്റ് ഫണ്ട് സഹായം ഡെ. ജനറൽ മനേജർ ശ്രീ. സുരേഷ് വാക്കിയിൽ നിന്നും സഹധർമ്മിണി പി.എം.ശാന്തമ്മ ഏറ്റുവാങ്ങിയ വികാര നിർഭരമായ രംഗം.

എസ് ബി ഐ കോട്ടയം അഡ്മിനിസ്ട്രേറ്റിവ് ഓഫീസ് മേധാവി ഡെപ്യൂട്ടി ജനറൽ മാനേജർ ശ്രീ സുരേഷ് വാക്കിയിൽ മുഖ്യ പ്രഭാക്ഷണം നടത്തി. നിര്യാതരായ അംഗങ്ങളുടെ കുടുംബത്തിന് ബെനവലന്റ് ഫണ്ടിൽ നിന്നുള്ള സഹായം ഡെ. ജനറൽ മനേജർ ശ്രീ. സുരേഷ് വാക്കിയിൽ ഈ സമ്മേളനത്തിൽ വച്ച് നല്കി.

75 വയസ്സ് കഴിഞ്ഞ മുതിർന്ന അംഗങ്ങളെ സംസ്ഥാന വൈസ് പ്രസിഡന്റ് ബി.സി.ഉണ്ണ്കൃഷ്ണൻ നായർ ആദരിച്ചു. തുടർച്ചയായി സംസ്ഥാന തല വെറ്ററൻ നീന്തൽ മത്സരത്തിൽ ഗോൾഡ് മെഡലുകൾ കരസ്ഥമാക്കിയ ശ്രീ അലക്സ് മേനാംപറമ്പിലിനെയും ആദരിച്ചു .



75 വയസ്സ് കഴിഞ്ഞ മുതിർന്ന അംഗങ്ങളെ സംസ്ഥാന വൈസ് പ്രസിഡന്റ് ബി.സി.ഉണ്ണ്കൃഷ്ണൻ നായർ ആദരിച്ചു. അതിന് ശേഷം അദ്ദേഹം സംസ്ഥാന തല വെറ്ററൻ നീന്തൽ മത്സരത്തിൽ ഗോൾഡ് മെഡലുകൾ

കരസ്ഥമാക്കിയ അലക്സ് മേനാംപറമ്പിലിനെ ആദരിച്ചും കുശലം പറഞ്ഞും ഷാളണിയിക്കുന്നു.

എസ്.ബി.ഐ.ഓഫീസേഴ്സ് അസോസിയേഷൻ ഡെപ്യൂട്ടി ജനറൽ സെക്രട്ടറി അലക്സ് മണ്ണുരാൻ പറമ്പിൽ, പെൻഷനേഴ്സ് അസോസിയേഷൻ ഡി.ജി.എസ് മാത്യു അടയ്ക്കമുണ്ടയ്ക്കൽ,, എ.ജി.എസ്. രാജ്മോഹനൻ നായർ എന്നിവർ ആശംസകൾ നേർന്നു .





കോട്ടയം ബേക്കർ എൽ.പി.സ്കൂൾ ഓഡിറ്റോറിയത്തിൽ സ്റ്റേറ്റ് ബാങ്ക് പെൻഷൻകാരുടെ ഇടം വലം നിറഞ്ഞ സദസ്സ്

ജില്ലാ സെക്രട്ടറി പി എം ജേക്കബ് വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു, അസിസ്റ്റന്റ് ട്രഷറർ ഈശോ ചെറിയാൻ കണക്ക് അവതരിപ്പിച്ചു. മേൽപ്പറഞ്ഞ റിപ്പോർട്ടുകളും കണക്കുകളും പൊതുയോഗം ചർച്ച നടത്തി അംഗീകരിക്കുകയും ചെയ്തു.



എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷൻ കോട്ടയം ഡിജിഎസ്, മാത്യു അടയ്ക്കമുണ്ടയ്ക്കൽ പുതിയ അംഗങ്ങളെ സംഘടനയിലേക്ക് സ്വാഗതം ചെയ്തു സംസാരിക്കുന്നു.

## ഡോ.കുരിയാക്കോസ് ജോസഫ് മുഖ്യ വരണാധികാരി

സംഘടനയുടെ ത്രൈവാർഷിക തിരഞ്ഞെടുപ്പും ഈ സമ്മേളനത്തിൽ നടത്തി. ഡോ.കുരിയാക്കോസ് ജോസഫ് മുഖ്യ വരണാധികാരിയായിരുന്നു.

പുതിയ ഭാരവാഹികളായി വിശ്വനാഥൻ നായർ. കെ. എൻ ( പ്രസിഡന്റ് ) പി.എം. ജേക്കബ് (സെക്രട്ടറി) സി.പി. മാത്യു (ട്രഷറർ) എന്നിവരെയും 14 അംഗ നിർവഹക സിമിതി അംഗങ്ങളെയും തെരഞ്ഞെടുത്തു. തെരെഞ്ഞെടുപ്പ് നിഷ്പക്ഷമായും,സുതാര്യമായും ഏകകണ്ഠമായും, കാര്യക്ഷമമായും നടത്തുന്നതിൽ റിട്ടേണിംഗ് ഓഫീസറായി പ്രവർത്തിച്ച ഡോ. കുരിയാക്കോസ് ജോസഫ് മുഖ്യ പങ്ക് വഹിച്ചു.



ഡോ. കുരിയാക്കോസ് ജോസഫ്

പുതിയ അംഗങ്ങളെ സംഘടനയിലേക്ക് ഡെപ്യൂട്ടി ജനറൽ സെക്രട്ടറി മാത്യു അടയ്ക്കമുണ്ടയ്ക്കൽ സ്വാഗതം ചെയ്തു..

## പുതിയ ഭാരവാഹികൾ



ജില്ലാ പ്രസിഡന്റ് : വിശ്വനാഥൻ നായർ. കെ. എൻ



ജില്ലാ സെക്രട്ടറി : പി.എം. ജേക്കബ്

# ഇടുക്കി ജില്ലാ വാർഷിക പൊതുയോഗം



ജില്ലാ ട്രഷറാർ : സി.പി. മാത്യു

**വൈസ് പ്രസിഡന്റുമാർ:-**

1) ത്രേസ്യാമ്മ ആന്റണി
2) എം.പി.പുഷ്കരൻ

**ജോയിന്റ് സെക്രട്ടറിമാർ:-**

1) വി ആർ ബാലകൃഷ്ണൻ നായർ
2) രമേഷ് ബാബു.റ്റി.ആർ.

**അസിസ്റ്റന്റ് ട്രഷറാർ :**
ഡി കെ രാജഗോപാൽ

**മറ്റ് ജില്ലാ കമ്മിറ്റി അംഗങ്ങൾ:-**

1. പി.എസ്.രാജമോഹനൻ നായർ
2. പി.പി.ഫിലിപ്പ്
3. കെ.ജെ.വർഗീസ്
4. രാജൻ ജോർജ്ജ്
5. ജോർജ്ജ് ജോസഫ്.പി.
6. റഫീഖ് .എസ്.എം.
7. സണ്ണി ജോസഫ്
8 പാപ്പച്ചൻ.കെ.കെ
9. ജോർജ്ജ് ജോസഫ്.കെ.

പുതിയ പ്രസിഡന്റ് ശ്രീ വിശ്വനാഥൻ നായർ തങ്ങളിൽ അർപ്പിച്ച വിശ്വാസത്തിന് നന്ദി പറഞ്ഞു എല്ലാവരുടെയും സഹകരണം അഭ്യർത്ഥിച്ചു. ഉച്ച ഭക്ഷണത്തിനു ശേഷം ഉദ്ദേശം 2 മണിയോടുകൂടി യോഗം പര്യവസാനിച്ചു.



പുതിയ ജില്ലാക്കമ്മറ്റി ഭാരവാഹികൾ സംസ്ഥാന വൈസ് പ്രസിഡന്റ് ബി.സി.ഉണ്ണികൃഷ്ണൻ നായർ, കോട്ടയം ഡിജി എസ്, മാത്യു അടയ്ക്കമുണ്ടയ്ക്കൽ എന്നിവരോടൊപ്പം

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസോസിയേഷൻ (കേരള) ഇടുക്കി ജില്ല വാർഷിക പൊതുയോഗം 2022 മാർച്ച് മാസം 12-ാം തിയതി ശനിയാഴ്ച രാവിലെ 10.30 ന് തൊടുപുഴ അമ്പാടി ടൂറിസ്റ്റ് ഹോം ഓഡിറ്റോറിയത്തിൽ വച്ച് ജില്ല പ്രസിഡന്റ് ടി. ജെ. ജോസഫ് അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെടുകയുണ്ടായി. ഈശ്വര പ്രാർഥനയോടെ ആരംഭിച്ച യോഗത്തിൽ, നമ്മുടെയിടയിൽ നിന്നും വേർപിരിഞ്ഞുപോയ അംഗങ്ങളെ അനുസ്മരിച്ച് അനുശോചനം രേഖപ്പെടുത്തുകയും അൽപനേരം മൗനാചരണം നടത്തുകയും ചെയ്തു. തുടർന്ന് ജില്ല വൈസ് പ്രസിഡന്റ് പി. പി. തോമസ് എല്ലാവരെയും യോഗത്തിലെ യ്ക്ക് സ്വാഗതം ചെയ്തു .

തദനന്തരം യോഗാദ്ധ്യക്ഷൻ ടി. ജെ. ജോസഫ് തന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ ജില്ലയിലെ അസ്സോസിയേഷന്റെ വളരെ ചുരുങ്ങിയകാലം കൊണ്ടുള്ള മികവുറ്റ പ്രവർത്തന ങ്ങളെപ്പറ്റി സവിസ്തരം പ്രദിപാദിച്ചു.



ജില്ല പ്രസിഡന്റ് ടി, ജെ. ജോസഫ് അദ്ധ്യക്ഷത വഹിച്ചു പ്രസംഗിക്കുന്നു

തുടർന്ന് ജില്ല സെക്രട്ടറി ശ്രീ. പി. എം. ജോർജ് കഴിഞ്ഞതവണ നടന്ന വാർഷിക പോതുയോഗത്തിന്റെ മിനിസ്ട്ടും പ്രവർത്തന റിപ്പോർട്ടും അവതരിപ്പിച്ചു. ജില്ല ഖജാൻജി ശ്രീ. എം. ഐ. ഗോപാലൻ 2021-22 സാമ്പത്തിക വർഷത്തെ വരവു ചെലവ് കണക്കുകൾ അവതരിപ്പിച്ചു. മേൽപ്പറഞ്ഞ രണ്ടു റിപ്പോർട്ടുകളും കണക്കുകളും പൊതുയോഗം പാസ്സാക്കുകയും ചെയ്തു.



പി. എം. ജോർജ്ജ് റിപ്പോർട്ട് അവതരിപ്പിക്കുന്നു




ട്രഷറർ എം. ഐ. ഗോപാലൻ കണക്കുകൾ അവതരിപ്പിക്കുന്നു. പ്രസിഡന്റ് ടി.ജെ. ജോസഫ്, ജോസഫ് പാലക്കൻ ഡി.ജി. എസ്, സംസ്ഥാന ട്രഷറർ ജയറാം, സെക്രട്ടറി പി. എം. ജോര്ജ് എന്നിവർ സമീപം.

എറണാകുളം ഇടുക്കി ജില്ലകളുടെ ചുമതലയുള്ള ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ജോസഫ് പാലക്കൻ അദ്ദേഹത്തിന്റെ ഉൽഘാടന പ്രസംഗത്തിൽ ഇടുക്കി ജില്ല യുണിറ്റിന്റെ പിറവി മുതലുള്ള പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണെന്ന് അഭിപ്രായപ്പെട്ടു. സ്റ്റേറ്റ് ബാങ്കിൽ നിന്നും പെൻഷൻപറ്റി പിരിഞ്ഞവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കി അവ പരിഹരിക്കുന്നതിന് നമ്മുടെ സംഘടന സംസ്ഥാന തലത്തിലും ദേശിയതലത്തിലും നടത്തികൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളെപ്പറ്റി അദ്ദേഹം വിശദീകരിച്ചു.




ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ജോസഫ് പാലക്കൻ പൊതുസമ്മേളനം ഉൽഘാടനം ചെയ്തുകൊണ്ട് സംസാരിക്കുന്നു

ഇടുക്കി ജില്ലയുടെ ഹൈറേഞ്ചിലെ കുമളി, രാജകുമാരി അടിമാലി തുടങ്ങിയ വിദൂര പ്രദേശങ്ങളില്നിന്ന് നാലും അഞ്ചും മണിക്കൂർവരെ യാത്ര ചെയ്തു തൊടുപുഴയിൽ യോഗത്തിനെത്തിയവരെ പ്രത്യേകിച്ചും കുടുംബസമേതം എത്തിയ സന്തോഷിനെയും അദ്ദേഹം മുക്തകണ്ഠം അഭിനന്ദിച്ചു. ഇടുക്കി ജില്ല സെന്ററിന്റെ പുരോഗതിയും പ്രവർത്തനങ്ങളും പ്രത്യേകിച്ച് അംഗങ്ങളുടെ വർദ്ധനവും തികച്ചും അഭിനന്ദനാര്ഹമാണെന്ന് അറിയിച്ചു.

മനസ്സിൽ ചെറുപ്പം കാത്തുസൂക്ഷിക്കുവാനും ജീവിതം ആഹ്ളാദകരമായി മുന്നോട്ടു കൊണ്ടുപോകുവാനും നമ്മൾ പരിശ്രമിക്കണമെന്ന് ഉദ്ബോധിപ്പിച്ചു കൊണ്ട് പൊതുയോഗം ഔപചാരികമായി ഉൽഘാടനം ചെയ്തു.



പൊതുയോഗത്തിൽ പങ്കെടുക്കുന്ന സദസ്സ്

തുടർന്ന് ആശംസ പ്രസംഗം നടത്തിയ സംസ്ഥാന ട്രഷറർ ശ്രീ. ജയറാം ജില്ലയിലെ പ്രവർത്തനങ്ങളെ അഭിനന്ദിക്കുകയും സാമ്പത്തീക കാര്യങ്ങൾക്കുവേണ്ടി പാൻ കാർഡ് എടുക്കുവാനും നിർദേശിച്ചു.




അതിനുശേഷം ജില്ലയിലെ മുതിർന്ന അംഗമായ സി.എ. ജോസഫ് ചമ്പക്കര അവർകളെ പൊന്നാട അണിയിച്ചു ആദരിക്കുകയും ഉപഹാരം നൽകുകയും ചെയ്തു.




പുതിയ ഭാരവാഹികളായി നോമിനേഷൻ വഴി എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ട ഒൻപത് അംഗങ്ങളുടെ പേരുവിവരം യോഗത്തിൽ പ്രഖ്യാപിച്ചു. നോമിനഷൻ ലഭിക്കാതിരുന്നതിനാൽ ആറ് കമ്മറ്റി അംഗങ്ങളെകൂടി കോ-ഓപ്ഷൻ മുഖേന തെരഞ്ഞെടുത്തു. പുതിയ ജില്ല കമ്മിറ്റി യോഗംചേർന്ന് വൈസ്-പ്രസിഡന്റ് 1, ജോയിന്റ് സെക്രട്ടറി 1, അസിസ്റ്റന്റ് ട്രഷറർ 1 എന്നിവരെ തെരഞ്ഞെടുത്തു.

**01.04.2022 മുതൽ 31.03.2025 വരെ ഭാരവാഹികളായി തെരഞ്ഞെടുക്കപ്പെട്ടവർ**

## ജില്ലാ പ്രസിഡന്റ്



ടി. ജി. പ്രഭാകരൻ

## ജില്ലാ സെക്രട്ടറി



പി. എം. ജോർജ്ജ്

## ജില്ലാ ട്രഷറർ



എം.ഐ.ഗോപാലൻ

വൈസ്- പ്രസിഡന്റ്: പി. പി. തോമസ്
ജോയിന്റ് സെക്രട്ടറി: കെ. ജെ. ജോണി
അസിസ്റ്റന്റ് ട്രഷറർ: സി. ജി. സുധാകരൻ

### മറ്റ് ജില്ലാ കമ്മിറ്റി അംഗങ്ങൾ:-

i. ടി. ജെ. ജോസഫ്
ii. ജോർജ്ജ്ജോസഫ് സി.
iii. ഇ. വി. ശശി
iv. എം. ഡി. ജോർജ്ജ്
v. സി. ആർ. മോഹനൻ
vi. വി. എസ്. ദിലീപ് കുമാർ
vii. ജെയിംസ് മാത്യു
viii. സുബേദ ശിവൻ
ix. ആലീസ് ജോസഫ്




**പുതിയ ഭാരവാഹികൾ: 01.04.2022 മുതൽ 31.03.2025 വരെ ഭാരവാഹികളായി തെരഞ്ഞെടുക്കപ്പെട്ടവർ ഡി. ജി. എസ്. ജോസഫ് പാലക്കനോടൊപ്പം**

അടുത്തുവരുന്ന 21 -ാ മത് സംസ്ഥാന വാർഷിക പൊതുയോഗ ത്തിലേക്ക് പ്രസിഡന്റ് ടി. ജെ. ജോസഫ്, നിയുക്ത ജില്ല പ്രസിഡന്റ് ടി. ജി. പ്രഭാകരൻ എന്നിവരെ പ്രധിനിധികളായി തെരഞ്ഞെടുത്തു.




നിയുക്ത ജില്ല പ്രസിഡന്റ് ടി. ജി. പ്രഭാകരൻ

പുതിയതായി തെരഞ്ഞെടുക്കപ്പെട്ട ജില്ല പ്രസിഡന്റ് ശ്രീ. ടി. ജി. പ്രഭാകരൻ നടത്തിയ പ്രസംഗത്തിൽ താനും തന്റെ കമ്മറ്റി അംഗങ്ങളും സംഘടനയുടെ ബഹുമുഖമായ പുരോഗതിക്കുവേണ്ടി ആൽമാർഥമായി പ്രവർത്തിക്കുമെന്നും അതിന് എല്ലാവരുടെയും സഹകരണം ഉണ്ടാകണമെന്ന് അഭ്യർഥിക്കുകയും ചെയ്തു. പുതിയതായി അംഗത്വം എടുത്തിട്ടുള്ള വരെ പൂച്ചെണ്ട് നല്കി സ്വാഗതം ചെയ്തു. യോഗത്തിൽ അവർക്ക് സ്വയം പരിചയപ്പെടുത്തുവാൻ അവസരം നല്കി.

പിന്നീട് നടന്ന ഓപ്പൺ ഫോറം ചർച്ചയിൽ അംഗങ്ങൾ ഉന്നയിച്ച സംശയങ്ങൾക്കും നിർദ്ദേശങ്ങൾക്കും ഡി.ജി.എസ്. ജോസഫ് പാലക്കൻ ഉചിതമായ മറുപടി നല്കി. പ്രസിഡന്റ് പദവി ഒഴിയുന്ന ടി. ജെ. ജോസഫ് തന്റെ വിടവാങ്ങൽ പ്രസംഗത്തിൽ നാളിതുവരെ സഹകരിച്ച എല്ലാവരോടും തന്റെ നിസ്സീമമായ നന്ദി അറിയിച്ചു. ജില്ല സെക്രട്ടറി പി. എം. ജോർജ് അദേഹത്തിന്റെ ഉൽകൃഷ്ടമായ നേതൃത്വത്തിനും പ്രവർത്തനങ്ങൾക്കും അനുമോദനങ്ങൾ അർപ്പിച്ചു. ജില്ല ജോയിന്റ് സെക്രട്ടറി കെ. ജെ. ജോണി യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും വളരെ ഉചിതമായ രീതിയിൽ നന്ദിപ്രകാശനം നടത്തി. വിഭവസമൃദ്ധമായ ഉച്ച ഊണിനു ശേഷം രണ്ടു മണിയോടുകൂടി യോഗം പര്യവസാനിച്ചു.

# ഘടനാപരമായ ചർച്ചാ യോഗം തിരുവനന്തപുരത്ത്

## (AO level Structured meeting)

എസ്. ബി .ഐ. പെൻഷനേഴ്സ് അസ്സോസിയേഷന്റെ തിരുവനന്തപുരം ഏരിയ കേന്ദ്രം ഭാരവാഹികൾ എസ്.ബി.ഐ. മാനേജ്മെന്റുമായി ത്രൈമാസ ചർച്ചാ യോഗം 2022 മാർച്ച് മാസം 8-ാം തിയതി പകൽ 11 മണിക്ക് കൊറോണ പ്രോട്ടോക്കോൾ പാലിച്ച് നടത്തി. തിരുവനന്തപുരം അഡ്മിനിസ്ട്രേറ്റിവ് ഓഫീസ് ഡെ. ജനറൽ മനേജർ ശ്രീ. രവി കിരൺ ഖമർസു അദ്ധ്യക്ഷത വഹിച്ചു. ചീഫ് മാനേജർ (എച്ച്. ആർ.) വിജു.എം. രാമദാസ്, സ്വാഗതം ആശംസിച്ചു.



**ഡെ. ജനറൽ മാനേജർ ശ്രീ. രവി കിരൺ ഖമർസു, അദ്ധ്യക്ഷത വഹിച്ചു സംസാരിക്കുന്നു.**

ഡെ. ജനറൽ മാനേജർ ശ്രീ. രവി കിരൺ ഖമർസു അദ്ദേഹത്തിന്റെ ആമുഖ പ്രസംഗത്തിൽ കോവിഡ് മഹാമാരിയുടെ ഈ അതിപ്രസരണ ഘട്ടത്തിലും പെൻഷൻകാരായ നമ്മുടെ മുതിർന്ന സഹോദരർ ബാങ്കിന് നല്കിയ ഉൽകൃഷ്ടമായ സേവനത്തെ പ്രശംസിച്ച് സംസാരിച്ചു. സുരക്ഷിതരായിരിക്കുന്നതിൽ സന്തോഷം പ്രകടിപ്പിച്ചു. അസോസിയേഷന് ഓഫീസ് സൗകര്യം പൂർണ്ണമായതോതിൽ അനുവദിക്കുന്നതായി അദ്ദേഹം അറിയിച്ചു. പ്രത്യേക സംവിധാനങ്ങൾ പ്ലാൻ ചെയ്യണമെങ്കിൽ അവ ചീഫ് മാനേജർ (എച്ച്. ആർ.) വിജു.എം.രാമദാസ്, റീജിയണൽ മാനേജർ ആർ.ബി.ഒ.-1 കെ.അനിൽ കുമാർ എന്നിവരെ ചുമതലപ്പെടുത്തി.



ചർച്ചയിൽ പങ്കെടുക്കുന്ന സംഘടനാ നേതാക്കൾ.

സംസ്ഥാന വൈസ് പ്രസിഡന്റ് ബി.സി.ഉണ്ണികൃഷ്ണൻ നായർ ഏരിയാ ഓഫീസിന് കൂടുതൽ സ്ഥല സൗകര്യം അനുവദിച്ചു തന്നതിനും സ്ട്രക്ചേഡ് മീറ്റിങ്ങുകൾ കൃത്യമായി നടത്തുന്നതിലും ഡി.ജി.എമ്മിനെ നന്ദി അറിയിച്ചു. അജണ്ടയിൽ ചേർത്ത വായ്പ സംബന്ധിച്ച കാര്യം ഗൗരവമായി ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടു.

തുടർന്ന് അജണ്ട പ്രകാരമുള്ള വിഷയങ്ങൾ ചർച്ചക്കെടുത്തു. ഓരോന്നിലും അനുകൂലമായ പ്രതികരണങ്ങളും നടപടികളുമുണ്ടായി. ഡിസ്പൻസറികളിൽ 10 മുതൽ 5 മണി വരെ പ്രവർത്തിക്കുന്ന ഫാർമസിസ്റ്റുമാരെ നിയമിക്കുന്ന വിവരം ഡെ.ജനറൽ മാനേജർ പങ്ക് വച്ചു. മാനേജർ എച്ച്.ആർ. കെ. ഐ. ശങ്കർ കൃതജ്ഞത പ്രകാശിപ്പിച്ചു. അസ്സോസിയേഷന്റെ ഭാഗത്ത് നിന്ന് ജില്ല ട്രഷറർ എസ്.രാധാകൃഷ്ണനനും നന്ദി അറിയിച്ചു. യോഗം 12.30 മണിക്ക് അവസാനിച്ചു.




# കൊല്ലം എ.ഒ.യിൽ നടന്ന ഘടനാപരമായ ചർച്ചാ യോഗം



കൊല്ലം അഡ്മിനിസ്ട്രേറ്റിവ് ഓഫീസ് കോൺഫറൻസ് ഹാളിൽ ഉച്ചയ്ക്ക് 2.30 ഓടെ യോഗം ആരംഭിച്ചു. ഡിജിഎം ശ്രീ മഹേഷ്കുമാർ. എം എ. അധ്യക്ഷനായിരുന്നു. കൊല്ലം മേഖല I റീജിയണൽ മാനേജർ ആർ.ബി.ഒ.1. നേരിട്ടും മറ്റ് മൂന്ന് റീജിയണൽ മാനേജർമാർ വിസിയിലുമുണ്ടായിരുന്നു. ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ഗണപതി കൃഷ്ണനാണ് നമ്മുടെ പക്ഷം നയിച്ചത്. നമ്മുടെ അസ്സോസിയേഷന്റെ ഭാഗത്ത് നിന്ന് കൊല്ലം, പത്തനംതിട്ട ജില്ലകളെ പ്രതിനിധീകരിച്ച് എട്ട് പേർ പങ്കെടുത്തു.

പങ്കെടുക്കുന്നവരെ ഔപചാരികമായി സ്വാഗതം ചെയ്തുകൊണ്ട് സി.എം. എച്ച്ആർ നടപടികൾ ആരംഭിച്ചു. കോവിഡിന്റെ പരിഭ്രാന്തി ഏതാണ്ട് അവസാനിച്ചെന്നും ഏകദേശം രണ്ട് വർഷത്തെ ഇടവേളയ്ക്ക് ശേഷം സാധാരണ ജീവിതം പുനരാരംഭിച്ചെന്നും ഡിജിഎം തന്റെ ഹ്രസ്വ പ്രസംഗത്തിൽ അഭിപ്രായപ്പെട്ടു.

ഇനിമുതൽ എല്ലാ ചടങ്ങുകളും സാധാരണ രീതിയിൽ തന്നെ നടത്തുമെന്നും അസ്സോസിയേഷന് തക്കതായ ക്ഷണം നൽകുമെന്നും അത്തരം അവസരങ്ങളിലെല്ലാം നമ്മുടെ സാന്നിധ്യം അഭ്യർത്ഥിക്കുമെന്നും അദ്ദേഹം പറഞ്ഞു. അസ്സോസിയേഷന് നൽകിയ എല്ലാ പിന്തുണയ്ക്കും ഡിജിഎമ്മിനും AO, RBO കളുടെ മറ്റ് പ്രവർത്തനങ്ങൾക്കും ഡെപ്യൂട്ടി ജനറൽ സെക്രട്ടറി നന്ദി പറഞ്ഞു. അടുത്തിടെ ഉദ്ഘാടനം ചെയ്ത തിരുവല്ല ഡിസ്പെൻസറി പ്രവർത്തനരഹിതമായത് പ്രത്യേകം പരാമർശിച്ചു കരാർ ഡോക്ടറുടെ പെട്ടെന്നുള്ള രാജിയെ തുടർന്നാണ് ഇത്തരമൊരു സാഹചര്യമുണ്ടായതെന്ന് ഡിജിഎം പറഞ്ഞു. അടുത്ത ഡോക്ടർക്കുള്ള ശുപാർശ ഇതിനകം തന്നെ അംഗീകാരത്തിനായി LHO യുടെ പക്കലുണ്ട് കൂടാതെ പ്രവർത്തനം പുനരാരംഭിക്കുന്നതിനുള്ള മുൻകൂർ നടപടി ഉറപ്പുനൽകുകയും ചെയ്തു. തുടർന്ന് അജൻണ്ട ഇനങ്ങൾ ചർച്ചയ്ക്ക് എടുത്തു. അസ്സോസിയേഷന്റെ ആവശ്യങ്ങൾക്ക് സാധ്യമായ പരമാവധി സഹായങ്ങൾ ചെയ്യുമെന്ന് ഡിജിഎം വാഗ്ദാനം ചെയ്തു. ഡെ. മാനേജർ, എ.ഒ നന്ദി പറഞ്ഞു. അസ്സോസിയേഷന്റെ ഭാഗത്ത് നിന്ന് എ ജി എസ് രാമകൃഷ്ണ പിള്ള കൃതജ്ഞത പ്രകാശിപ്പിച്ചു. യോഗം 4 മണിക്ക് അവസാനിച്ചു.

भारतीय रिज़र्व बैंक
Reserve Bank of India
India's Central Bank

## മൈക്രോഫിനാൻസ് സ്ഥാപനങ്ങൾ നല്കുന്ന വായ്പകളുടെ പലിശ നിരക്കിലെ നിയന്ത്രണം റിസർവ് ബാങ്ക് എടുത്തു കളഞ്ഞു



മൈക്രോ ഫിനാൻസ് സ്ഥാപനങ്ങൾ നല്കുന്ന വായ്പകളുടെ പലിശ നിരക്കിലെ നിയന്ത്രണം റിസർവ് ബാങ്ക് എടുത്തു കളഞ്ഞു. ഇതോടെ മൈക്രോഫിനാൻസ് സ്ഥാപനങ്ങൾക്ക് ഇനി സ്വന്ത നിലയിൽ പലിശ നിശ്ചയിക്കാം. മൂന്ന് ലക്ഷം രൂപ വരെ വരുമാനമുള്ള കുടുംബങ്ങൾക്ക് നല്കുന്ന ഈടില്ലാത്ത വായ്പകളാണ് ഇനി മൈക്രോഫിനൻസ് വായ്പകളുടെ ഗണത്തിൽ വരിക. തിരിച്ചടവ് മൂല്യം പ്രതിമാസ കുടുംബ വരുമാനത്തിന്റെ 50% ആയി പരിമിതപ്പെടുത്തി.

## പെയ്റ്റി.എമ്മിന് ആർ.ബി.ഐ.വിലക്ക്

Paytm Payments Bank

പെയ്റ്റിഎം ബാങ്കിന്റെ വിവരങ്ങൾ ചൈനീസ് കമ്പനികളുടെ സർവറുകളിൽ സൂക്ഷിക്കുന്നതായി കണ്ടെത്തിയതിനെത്തുടർന്ന് പുതിയ ഇടപാടുകാരെ ചേർക്കുന്നതിൽ നിന്ന് പെയ്റ്റി.എമ്മിനെ ആർ.ബി.ഐ. തടഞ്ഞു. സ്മോൾ ഫിനാൻസ് ബാങ്ക് ശ്രമങ്ങൾക്കിടയിലാണ് പെയ്റ്റി.എമ്മിന് ഇപ്പോഴത്തെ തിരിച്ചടി. അതേസമയം ആർ.ബി.ഐ.യുടെ എല്ലാ നിയമങ്ങളും പാലിച്ചാണ് പ്രവർത്തനമെന്നും കമ്പനി അറിയിച്ചു . ബാങ്കിന്റെ വിവരങ്ങൾ ഇന്ത്യയിൽ തന്നെയാണ് സൂക്ഷിച്ചിരിക്കുന്നതെന്നും കമ്പനി വിശദീകരിച്ചു

## മൊത്തവില സൂചികാ പണപ്പെരുപ്പം ഉയർന്ന തലത്തിൽ

മൊത്തവില സൂചികയെ അടിസ്ഥാനമാക്കിയുള്ള 2022 ഫെബ്രുവരിയിലെ ഉപഭോക്തൃ പണപ്പെരുപ്പം 13.11 ശതമാനമായി ഉയർന്നു. ഉത്പന്നങ്ങളുടെയും ഭക്ഷ്യവസ്തുക്കളുടെയും മൊത്തവില ഉയർന്നതിനെ തുടർന്ന് നവംബറിൽ 14.23 ശതമാനമായാണ് മൊത്തവില പണപ്പെരുപ്പം കൂടിയത്. 2005 ഏപ്രിലിനുശേഷമുള്ള ഏറ്റവും ഉയർന്ന നിരക്കാണിത്. ഒക്ടോബറിൽ മൊത്തവില പണപ്പെരുപ്പം 12.54 ശതമാനമായിരുന്നു . തുടർച്ചയായി എട്ടാം മാസമാണ് മൊത്തവില പണപ്പെരുപ്പം രണ്ടക്കത്തിൽ തുടരുന്നത്. ഏതാനും മാസങ്ങളായി മൊത്തവില പണപ്പെരുപ്പവും ഉപഭോക്തൃ പണപ്പെരുപ്പവും തമ്മിലുള്ള അന്തരം ഉയർന്നുവരുന്ന പ്രവണതയാണുള്ളത്.

## പി.എഫ്. പലിശ കുറച്ചു

### നാല് ദശകത്തിലെ ഏറ്റവും കുറഞ്ഞ നിരക്ക്

എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് (ഇ.പി.എഫ്) നിക്ഷേപങ്ങളുടെ പലിശനിരക്ക് 8.1% മാത്രമായി കുറച്ചു .

കഴിഞ്ഞ രണ്ടു വർഷങ്ങളിലും 8.5 ശതമാത്രമായിരുന്നു പലിശ. 1977- ന് ശേഷം ഇ.പി. എഫ് . നിക്ഷേപത്തിന് ഏറ്റവും കുറഞ്ഞ പലിശനിരക്കാണ് 8.1 ശതമാനം. 1977-78ൽ എട്ടുശതമാനമായിരുന്നു പലിശ അന്താരാഷ്ട്രതലത്തിലും ഓഹരിവിപണിയിലുമുള്ള സ്ഥിതിഗതികൾ പരിഗണിച്ചാണ് 2021-22 ലെ പലിശ നിരക്ക് കുറയ്ക്കാൻ ഇ.പി.എഫ്. ട്രസ്റ്റ് യോഗം ശുപാർശ ചെയ്തത്.

## ഇന്ത്യയുടെ വളർച്ചാ അനുമാനം കുറച്ച് ഫിച്ച്

റേറ്റിങ് ഏജൻസിയായ ഫിച്ച് അടുത്ത സാമ്പത്തിക വർഷത്തെ ഇന്ത്യയുടെ വളർച്ച അനുമാനം വെട്ടിക്കുറച്ചു. 2022-23 സമ്പത്തികവർഷത്തിൽ ഇന്ത്യയുടെ വളർച്ച മുമ്പുകണക്കാക്കിയിരുന്ന 10.3 ശതമാനത്തിൽനിന്ന് 8.5 ശതമാനമായാണ് കുറച്ചിരിക്കുന്നത് . ഉയർന്ന ഇന്ധനവില രാജ്യത്തിന്റെ വളർച്ചയെ പിന്നോട്ടടിക്കുമെന്നും ഫിച്ചിന്റെ

വിലയിരുത്തൽ. അതേസമയം, നടപ്പുസാമ്പത്തികവർഷത്തെ (2021-22)വളർച്ചാ അനുമാനം 8.1 ശതമാനത്തിൽ നിന്ന് 8.7 ശതമാനത്തിലേക്ക് ഉയർത്തിയിട്ടുണ്ട്. ഒക്ടോബർ - ഡിസംബർ കാലയളവിൽ ഇന്ത്യയുടെ സാമ്പത്തിക വളർച്ച മികച്ചതായിരുന്നുവെന്ന് ഹിച്ച് പറയുന്നു.

# ഒരു ആസ്ട്രേലിയൻ യാത്ര
# ഭാഗം - 7

(മുൻ ലക്കത്തിൽ നിന്നും തുടർച്ച.......)



കെ.എൻ. വിശ്വനാഥൻ നായർ

ഇടയ്ക്കിടയ്ക്ക് കോവിഡ് റിപ്പോർട്ട് ചെയ്യുകയും അപ്പോൾ ലോക്ക് ഡൗണും, പിന്നീട് പിൻവലിക്കലും, അത് ജീവിതത്തിന്റെ ഭാഗമായി മാറി. സാധനങ്ങൾ വാങ്ങുന്നത് ഹോം ഡെലിവറി വഴി തന്നെ തുടർന്നു. വിക്ടോറിയ സംസ്ഥാനം കോവി ഡ് വ്യാപനം കുറഞ്ഞ സംസ്ഥാനമായി തുടർന്നു. ലോക് ഡൗൺ ഇല്ലാതിരുന്ന ഒരു ആഴ്ചയിൽ 60 കി.മീ. അകലെയുള്ള കാരം ഡൗണിലുള്ള വിഷ്ണു ശിവ ക്ഷേത്ര സന്നിധിയിലേക്ക് ആയിരുന്നു യാത്ര. ചെന്നിറങ്ങാൻ സമയം നല്ല കനത്ത മഴയും കാറ്റും. താമസിയാതെ തന്നെ മഴ നിലച്ചു. കാർ പാർക്കിങ്ങിനു സമീപമുള്ള കൂട്ടിൽ കുഞ്ഞുങ്ങൾക്ക് ഇഷ്ടപ്പെടുന്ന മയിലുകളും , മുയലുകളും ഉണ്ടായിരുന്നു.



ക്ഷേത്ര കവാടത്തിനരികെ നൃത്തമാടുന്ന മയിൽ.

ദക്ഷിണേന്ത്യൻ രീതിയിൽ പണിതിരിക്കുന്ന സംസ്ഥാനത്തെ ഏറ്റവും വലിയ ക്ഷേത്രങ്ങളിൽ ഒന്നായ ഇവിടെ ശിവനും, വിഷ്ണുവിനും, പുറമേ അയ്യപ്പനും, മുരുകനും, ഗണപതിയും, ലക്ഷ്മിയും, ദുർഗ്ഗയും, ഹനുമാനും പ്രതിഷ്ഠകൾ ഉണ്ടായിരുന്നു.



ശിവവിഷ്ണു ക്ഷേത്രം.

ദർശനത്തിന് ഒരു മണിക്കൂറിൽ കൂടുതലെടുത്തു. ക്ഷേത്രത്തിൽ പ്രവേശനത്തിന് ഏതു വേഷം എന്ന നിയന്ത്രണങ്ങളൊന്നും ഇല്ല. പൂജാരിമാർ പൊതുവെ കന്നഡ, തെലുങ്കു പൂജാരിമാരെപ്പോലെ ആണ്.



ഉത്സവ വേളകളിൽ പൂജാരിമാർ

ശ്രീകോവിലിൽ പോയി പൂജിച്ച ശേഷം താലവുമായി ഇറങ്ങി വന്ന് നമ്മുടെ നെറ്റിയിൽ പ്രസാദം തൊട്ടുതരുന്ന രീതിയാണ്. താലത്തിൽ പഴങ്ങളും മറ്റും നേദിക്കാൻ നൽകിയാൽ അതു പൂജ നടത്തി നമ്മൾക്കു നൽകുന്നു. അതോടുകൂടി ഭസ്മത്തിന്റെ പായ്ക്കറ്റുകളും ലഭിക്കും. പൂജാരിക്ക് ദക്ഷിണ നൽകണം. ക്ഷേത്രാങ്കണം നല്ല വൃത്തിയായി സൂക്ഷിക്കുന്നുണ്ട്.



ക്ഷേത്രത്തിന്റെ ഉൾഭാഗം

ക്ഷേത്രത്തിനു വെളിയിൽ കാർ പാർക്കിംഗിനു സമീപം വലിയ വെജിറ്റേറിയൻ ഹോട്ടൽ. ഡിന്നർ അവിടെ നിന്നും ആക്കി. ആദ്യം കാപ്പിയും ഉഴുന്നുവടയും. പിന്നാലെ

മൈസൂർ മസാല ദോശയും, നെയ് റോസ്റ്റും . നാവിൽ ഇപ്പോഴും ആ രുചി , നാട്ടിലെ രുചി, തങ്ങി നിൽക്കുന്നു. തൃപ്തിയോടെ വീട്ടിലേയ്ക്കു മടങ്ങി.



വെജി.ഹോട്ടലും, ഭക്ഷണവും

## ബാർക്കസ് മാഷ്

പിന്നീട് യാത്ര പോയത് ഒരു പക്ഷേ നമ്മുടെ നാട്ടിലും ഉണ്ടോ എന്നു സംശയിച്ചു പോകുന്ന ഒരു സ്ഥലത്തേയ്ക്കാണ്. നവംമ്പർ/ഡിസംബർ മാസങ്ങളിൽ കുടുംബസമേതം കുട്ടികളുമായി വിനോദ സഞ്ചാരത്തിനു തിരഞ്ഞെടുക്കുന്ന ബാർക്കസ് മാഷിലേയ്ക്കായിരുന്നു ആ യാത്ര. നമ്മുടെ പുരയിടത്തിൽ നിന്നും എന്ന പോലെ, നമ്മുക്കു തന്നെ പഴുത്തു പാകമായി നില്ക്കുന്ന ആപ്പിളും, സ്ട്രോബറിയും, ചെറിയും, നെക്ടറിനും, പ്ളമും എല്ലാം പറിച്ചെടുക്കാം. (അതാതു സീ സണിൽ മാത്രം). ഇപ്പോൾ ചെറിയുടേയും, സ്ട്രോബറിയുടേയും കാലം. എന്ട്രി പാസ് ഓൺലൈനായി ബുക്കു ചെയ്തിരുന്നു. ഉള്ളിലേക്കു കടക്കുമ്പോൾ പഴങ്ങൾ ശേഖരിക്കുന്നതിനുള്ള പ്ലാസ്റ്റിക് ബോക്സുകൾ കൗണ്ടറിൽ നിന്നും നൽകി. പാർക്കിംഗ് ഏരിയയിൽ അമ്പതിലേറെ കാറുകൾ ഉണ്ടായിരുന്നു. ഫാമിലേയ്ക്കു കടന്നപ്പോൾ കുഞ്ഞുകുട്ടികൾ മുതൽ അപ്പനപ്പൂപ്പൻമാർ വരെ ആസ്വദിച്ച് സ്ട്രോബറി ശേഖരിക്കുന്നു. നല്ല ആൾക്കൂട്ടം . അതുകൊണ്ട് ഞങ്ങൾ ആദ്യം ചെറി ശേഖരിക്കുവാൻ നീങ്ങി.



ചെറി പഴങ്ങൾ പറിച്ചെടുക്കുന്ന ലേഖകൻ

## ചെറി

ഓസ്ട്രേലിയയിൽ, വടക്കൻ പ്രദേശം ഒഴികെയുള്ള എല്ലാ സംസ്ഥാനങ്ങളിലും ചെറി വളരുന്നു. ന്യൂ സൗത്ത് വെയിൽസ്, വിക്ടോറിയ, സൗത്ത് ഓസ്ട്രേലിയ, ടാസ്മാനിയ എന്നിവിടങ്ങളിലെ മിതശീതോഷ്ണ പ്രദേശങ്ങളിലാണ് പ്രധാന ഉൽപാദന മേഖലകൾ സ്ഥിതി ചെയ്യുന്നത്. പടിഞ്ഞാറൻ ഓസ്ട്രേലിയയിൽ സംസ്ഥാനത്തിന്റെ തെക്കുപടിഞ്ഞാറൻ ഭാഗത്തുള്ള ഉയർന്ന ഭാഗങ്ങളിൽ ഉൽപ്പാദനം പരിമിതമാണ്. ന്യൂ സൗത്ത് വെയിൽസിലെ യംഗ്, ഓറഞ്ച്, ബാതർസ്റ്റ്, വാൻഡിൻ, വിക്ടോറിയയിലെ ഗൗൾബേൺ, മുറെ താഴ്വര പ്രദേശങ്ങൾ, സൗത്ത് ഓസ്ട്രേലിയയിലെ അഡ്ലെയ്ഡ് ഹിൽസ് മേഖല, ടാസ്മാനിയയിലെ ഹ്യൂൺ, ഡെർവെന്റ താഴ്വരകൾ എന്നിവയാണ് പ്രധാന ഉൽപ്പാദന മേഖലകൾ.



പ്രൂനസ് ഏവിയം, (***Prunus avium***) സാധാരണയായി വൈൽഡ് ചെറി, സ്വീറ്റ് ചെറി, ഗീൻ, അല്ലെങ്കിൽ ബേർഡ് ചെറി എന്നൊക്കെ വിളിക്കപ്പെടുന്ന ഒരു ഇനം ചെറിയാണ്.

റോസാസി കുടുംബത്തിലെ ഒരു പൂച്ചെടിയാണ്. ഓസ്ട്രേലിയ, യൂറോപ്പ്, പടിഞ്ഞാറൻ ഏഷ്യ എന്നിവിടങ്ങളിലാണ് ഇതിന്റെ ജന്മദേശം

'എംപ്രസ്', 'മർച്ചന്റ്', 'സുപ്രീം', 'റോണിന്റെ തൈ', 'ചെലൻ', 'അൾസ്റ്റർ', 'വാൻ', 'ബിംഗ്', 'സ്റ്റെല്ല', 'നോർഡ്വണ്ടർ', 'തുടങ്ങിയവയാണ് സീസണൽ ക്രമത്തിലുള്ള പ്രധാന വാണിജ്യ ഇനങ്ങൾ. ന്യൂ സൗത്ത് വെയിൽസിലെ യങ് നഗരത്തെ "ചെറി ക്യാപിറ്റൽ ഓഫ് ഓസ്ട്രേലിയ" എന്ന് വിളിക്കുന്നു. യങ് നഗരം ദേശീയ ചെറി ഫെസ്റ്റിവലിന് ആതിഥേയത്വം വഹിക്കുകയും ചെയ്യുന്നു.

ഏക്കർ കണക്കിനാണ് സ്ട്രോബറിയും, ചെറിയും വിളഞ്ഞു നില്കുന്നത്. പഴങ്ങൾ പാകം ആകാത്ത ഭാഗങ്ങൾ വേർതിരിച്ചിരിക്കുന്നു, അവിടേയ്ക്കുള്ള പ്രവേശനം തടഞ്ഞിരിക്കുന്നു. ചെറി പിക്കിംഗ് സ്ഥലത്തും തിരക്കിനു യാതൊരു കുറവും ഇല്ല. ആദ്യമൊക്കെ നിലത്തു നിന്നു പറിക്കാവുന്നതു മാത്രം ശേഖരിച്ചു. പിന്നീട് ഉയരമുള്ള സ്റ്റൂളിൽ കയറിനിന്ന് മുകളിലുള്ള നല്ല പഴുത്ത ചെറി പറിച്ചെടുക്കുവാൻ തുടങ്ങി. നിര നിരയായി നില്ക്കുന്ന ചെറിമരങ്ങളിൽ നിന്നും പഴങ്ങൾ ശേഖരിക്കുവാൻ അവിടവിടെയായി ഉയരമുള്ള സ്റ്റൂളുകൾ ഇട്ടിരുന്നു. എത്ര അധികം ആളുകൾ എത്തിയാലും തീരാത്തത്ര ചെറിമരങ്ങൾ നിറയെ പഴങ്ങളുമായി നില്ക്കുന്നു. കയ്യിൽ വെള്ളക്കുപ്പികൾ കരുതിയിരുന്നതു കൊണ്ട് ഇടയ്ക്കിടെ ചെറികൾ കഴകി, ആവശ്യത്തിനു കഴിച്ചുകൊണ്ട് മുമ്പോട്ട് നീങ്ങി. ചെറി ശേഖരിച്ച ശേഷം സ്ട്രോബറി പറക്കുന്നതിനായി നീങ്ങി.

## സ്ട്രോബെറി

ലോകമെമ്പാടും കൃഷി ചെയ്യപ്പെടുന്ന ഒരിനം സ്ട്രോബെറിയാണ് ഗാർഡൻ സ്ട്രോബെറി. ഫ്രഗേറിയ ജനുസിലെ (സ്ട്രോബെറി) മറ്റ് സ്പീഷിസുകളെപ്പോലെ ഗാർഡൻ സ്ട്രോബെറിയും റൊസേഷ്യ കുടുംബത്തിൽ ഉൾപ്പെടുന്നു.



പൂത്തു നില്ക്കുന്ന സ്ട്രോബെറി ചെടി



സ്ട്രോബെറി പൂക്കളും പഴങ്ങളും

സസ്യത്തിന്റെ അണ്ഡത്തിൽ നിന്ന് ഉണ്ടാകുന്നതല്ലാത്തതിനാൽ സ്ട്രോബെറി ഫലത്തിന്റെ മാംസളവും ഭക്ഷ്യയോഗ്യവുമായ ഭാഗത്തെ സാങ്കേതികമായ അർത്ഥത്തിൽ ഫലമായി കണക്കാക്കാനാവില്ല. സ്ട്രോബെറിയുടെ പ്രതലത്തിൽ കാണുന്ന വിത്തുകളാണ് (അകീനുകൾ) അതിന്റെ യഥാർത്ഥ ഫലങ്ങൾ.



ലേഖകനും കുടുംബവും സ്ട്രോബെറിപ്പാടത്തിൽ

ബോക്സിൽ സ്ട്രോബറി ശേഖരിച്ചും, ഇടയ്ക്കിടെ സ്ട്രോബറി കഴിച്ചു കൊണ്ടും രണ്ടു ഏരികൾക്കിടയിലൂടെ മുമ്പോട്ടു നീങ്ങിക്കൊണ്ടിരുന്നു. നമ്മുടെ നാട്ടിൽ മധുരക്കിഴങ്ങ് കൃഷി നടത്തുന്നതുപോലെ ഏരി വലിച്ചാണ് സ്ട്രോബറി നടുന്നത്. സ്പ്രിംഗളർ ഉപയോഗിച്ചാണ് നനയ്ക്കുന്നത്. ഒരു സ്ഥലത്തെ പഴങ്ങൾ കുറയുമ്പോൾ അടുത്ത ഏരിയ തുറന്നു കൊടുക്കുന്നു. അതിനാൽ സീസണിൽ എല്ലാ ദിവസവും പിക്കിംഗിനു സൗകര്യ മുണ്ടായിരിക്കും.

തിരികെപ്പോരുമ്പോൾ ബോക്സിൽ ശേഖരിച്ച സ്ട്രോബറിയുടേയും, ചെറിയുടേയും തൂക്കം നോക്കി വില നൽകി.



കൗണ്ടറിൽ ചെറി, സ്ട്രോബറി, റാസ്ബറി തുടങ്ങിയവയും, അനുബന്ധ ഉൽപന്നങ്ങളും വില്പനയ്ക്കു വച്ചിരുന്നു. യാത്ര തിരിക്കുമ്പോൾ വീണ്ടും ഇവിടേയ്ക്കു വരണമെന്ന് മനസ്സു പറയുന്നുണ്ടായിരുന്നു.

(തുടരും.........)

## കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ഭരണ സമിതി യോഗം

കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.1215ന്റെ 2022 മാർച്ച് മാസം 10-ാം തിയതി വ്യാഴാഴ്ച 11 മണിക്ക് പ്രസിഡന്റ് ശ്രീ എം.ജി. രാഘവന്റെ അദ്ധ്യക്ഷതയിൽ നടന്നു. താഴെ കൊടുത്തിരിക്കുന്ന ഭരണ സമിതി അംഗങ്ങൾ പങ്കെടുത്തു.

1. ശ്രീ.പി.എം. ജേക്കബ്ബ്
2. മാത്യു അടയ്ക്കാമുണ്ടയ്ക്കൽ
3. എം.ജി.രാഘവൻ
4. സി.പി.മാത്യു
5. പി.ഉണ്ണിക്കുഞ്ഞ്
6. കെ.എൻ.വിശ്വനാഥൻ നായർ
7. ശ്രീമതി. ത്രേസ്യാമ്മാ ആന്റണി
8. എൻ.സി.മാത്യു
9. ശ്രീമതി. ആച്ചിയമ്മ എബ്രഹാം
10. പ്രഭാകരൻ.വി.കെ

അസിസ്റ്റന്റ് സെക്രട്ടറി കെ.എൻ. വിശ്വനാഥൻ നായർ സ്വാഗതം ആശംസിച്ചു.

സെക്രട്ടറി മാത്യു അടയ്ക്കാമുണ്ടയ്ക്കൽ കഴിഞ്ഞ ഭരണ സമിതി യോഗത്തിന്റെ മിനിട്സ് യോഗത്തിൽ അവതരിപ്പിച്ചു. ചർച്ച നടത്തി അംഗീകരിച്ചു.തുടർന്ന്, ഓഫീസ് സെക്രട്ടറി ശ്രീമതി. ത്രേസ്യാമ്മ ആന്റണി 2022 ഫെബ്രുവരി 28 വരെയുള്ള കണക്കുകൾ യോഗ സമക്ഷം അവതരിപ്പിച്ച് ചർച്ച നടത്തി അംഗീകരിച്ചു.

## ജി.ഡി.സി.എസ് കുറികൾ നറുക്കെടുപ്പ്

സൊസൈറ്റിയുടെ ജി.ഡി.സി.എസ് കുറികളുടെ നറുക്കെടുപ്പ് മാർച്ച് മാസം 10-ാം തിയതി വ്യാഴാഴ്ച 11 മണിക്ക് നടന്നു. ജി.ഡി.സി.എസ്. നറുക്കെടുപ്പിൽ വിജയികളായവരുടെ പേരു വിവരം അറിയിക്കുന്നു. നറുക്കെടുപ്പിൽ താഴെപ്പറയുന്നവർ ജേതാക്കളായി.

| ക്ര. നം. | ജി.ഡി. സി.എ സ്. നം. | സല (രൂപ) | യൂണിറ്റ് ക്ര.നം. | പേര് |
|---|---|---|---|---|
| 1 | VIII | 100,000 | 180 | ബേബി തോമസ്. |
| 2 | IX | 25000 | 220 | ജോസഫ് എം. |
| 3 | X | 100,000 | 242 | ജെയിൻ അബ്രഹാം |
| 4 | XI | 100,000 | 256 | കെ.പി.രാമകൃഷ്ണ പണിക്കർ |
| 5 | XII | 100,000 | 278 | തോമസ് എ. സി. |

നറുക്ക് ലഭിച്ചവർക്ക് 2022 ഏപ്രിൽ മാസം 8-ാം തിയതി ജി.ഡി.സി.എസ് തുക കൊടുക്കുന്നതിന് തീരുമാനിച്ചു. അതിനായുള്ള ഫോറങ്ങൾ പൂരിപ്പിച്ച് ഓഫീസിൽ 8-ാം തിയതിക്ക് മുൻപായി എത്തിച്ച് തരണമെന്ന് സെക്രട്ടറി അറിയിക്കുന്നു. ക്ലെയിം ചെയ്യുന്നതിനുള്ള അപേക്ഷാ ഫാറം ഓഫീസിൽ നിന്നു അയച്ചു തരുന്നതായിരിക്കും . അത് പൂരിപ്പിച്ച് ഒപ്പിട്ട് തിരിച്ചയച്ചു തരുക. കഴിവതും യാത്ര ഒഴിവാക്കിയും ഓഫീസിൽ സന്ദർശനം നടത്താതെയും സുരക്ഷിതരായിരിക്കുവാൻ ശ്രദ്ധിക്കുമല്ലൊ.

## പുതിയ അംഗങ്ങൾ

### എ ക്ലാസ്

പുതിയ "എ"ക്ലാസ്സ് അംഗത്വത്തിന് 8 അപേക്ഷകൾ ഉണ്ടായിരുന്നു.

1. രേണുകാദേവി.എസ്.
2. പ്രകാശൻ പിള്ള.വി.
3. എ.റ്റി.ബാബു,
4. പി.എസ്. രുഗ്മിണീദേവി
5. സരസമ്മ എ.എൻ.
6. തോമസ്.കെ.പി.
7. ബേബി.കെ.
8. ആരതി.എ.നായർ

എട്ട് പേർക്കും അംഗത്വം നല്കിയും അപേക്ഷിച്ച ഓഹരികൾ അനുവദിച്ചും തീരുമാനമായി.

### സി ക്ലാസ്സ്

കൂടാതെ ഇനിപ്പറയുന്ന "സി" ക്ലാസ്സ് അംഗത്വവും അനുവദിച്ചു.

1. ശ്രീമതി.പി.കെ.പൊന്നമ്മ,''ഗ്രീൻസ്'' പാറോലിക്കൽ, അതിരമ്പുഴ

## 'എ' ക്ലാസ്സ് ഷെയറുകൾക്കുള്ള അപേക്ഷ

കൂടുതൽ 'എ' ക്ലാസ്സ് ഷെയറുകൾക്കുള്ള ലക്ഷ്മണൻ നായർ.വി.ആർ. സമർപ്പിച്ച അപേക്ഷ പരിഗണിച്ച് കൂടുതലായി 10 ഷെയറുകൾ കൂടി അനുവദിക്കാൻ തീരുമാനിച്ചു.

### വായ്പ്പാ അപേക്ഷകൾ

ഒരു ലക്ഷം രൂപയുടേയും. 25000 രൂപയുടേയും വായ്പ്പകൾക്ക് ലഭിച്ച 2 അപേക്ഷകൾ പരിഗണിച്ച് ലോൺ അനുവദിക്കാൻ ഭരണ സമിതി തീരുമാനിച്ചു.

## പുതിയ ജി.ഡി.സി.എസ് കുറികൾ

ഒരു ലക്ഷം രൂപ സലയുള്ള 2 പുതിയ ജി.ഡി.സി.എസ് കുറികൾ തുടങ്ങുന്നതിനുള്ള നിർദ്ദേശം സെക്രട്ടറി ശ്രീ. മാത്യു അടയ്ക്കാമുണ്ടയ്ക്കൽ അവതരിപ്പിച്ചു. വിശദമായ ചർച്ചകൾക്ക് ശേഷം ഒരു ലക്ഷം രൂപ സലയുള്ള പുതിയ 2 ജി.ഡി.സി.എസ് കുറികൾ തുടങ്ങുന്നതിന് തീരുമാനിച്ചു.

## X11I-ാമത്തെ 100,000 രൂപയുടെ ജി.ഡി.സി.എസ് കുറി ഉടനെ തുടങ്ങുന്നു

പുതിയ ജി.ഡി.സി.എസ് കുറി ഉടൻ ആരംഭിക്കുന്ന വിവരം സന്തോഷത്തോടെ അറിയിക്കുന്നു. 7 നമ്പറുകൾ കുടി ബാക്കി നിൽക്കുന്നു . വിളിക്കുക.



**ശ്രീമതി. ത്രേസ്യാമ്മ ആന്റണിയുടെ വാട്സ് ആപ്പ് നമ്പറിൽ 9446322416 ബന്ധപ്പെടുക.**

## ആലപ്പുഴ ജില്ലാ കേന്ദ്രത്തിന്റെ പൊതുയോഗം

ഫെബ്രുവരി ലക്കത്തിൽ ആലപ്പുഴ ജില്ലാ കേന്ദ്രത്തിന്റെ വിശദമായ പൊതുയോഗ റിപ്പോർട്ട് കൊടുത്തിരുന്നു. പുതിയ ഭാരവാഹികളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു
.

2022-2025ത്രിവത്സര കാലയളവിലേക്ക് ആലപ്പുഴ ജില്ലാ കമ്മിറ്റിയിൽ താഴെപ്പറയുന്ന അംഗങ്ങളെ തിരഞ്ഞെടുത്തു.



ആലപ്പുഴ ജില്ലാക്കമ്മറ്റി പുതിയ ഭാരവാഹികൾ

## പുതിയ ഭാരവാഹികൾ

### ജില്ലാ പ്രസിഡന്റ്



എൻ.കെ.ശ്രീകുമാർ

### ജില്ലാ സെക്രട്ടറി



ആർ. ശശികുമാർ

### ജില്ലാ ട്രഷറർ
റെജി ജോൺ

### വൈസ് പ്രസിഡൻറ്
പി.കെ.വിജയൻ പിള്ള

### ജോയിന്റ് സെക്രട്ടറി
എം. ജെ. ദേവസ്യ

### അസി. ട്രഷറർ
ലാജി ഫിലിപ്പ്

### മറ്റ് ജില്ലാ കമ്മിറ്റി അംഗങ്ങൾ:-

1. ടി. രാഘവൻ എക്സ്.
2. ഹരികൃഷ്ണകുമാർ
3. നസീർ ഖാൻ
4. ജെയ്സ് മാത്യു
5. കെ. എ.എം. റഷീദ്
6. എം. എ. ഷുക്കൂർ
7. നാരായണ നായ്ക്
8. എസ്. അനിരുദ്ധൻ
9. വി. രമേശൻ
10. എസ്. അംബിക
11. ഡി.എസ്. ഷൈലജ

# മലപ്പുറം ജില്ലാ കേന്ദ്രത്തിന്റെ പൊതുയോഗം

സ്റ്റേറ്റ് ബാങ്ക് പെൻഷനേഴ്സ് അസോസിയേഷൻ മലപ്പുറം ജില്ലാ കേന്ദ്രത്തിന്റെ 2021–22ലെ വാർഷിക പൊതുയോഗം 12-03-2022 ശനിയാഴ്ച രാവിലെ 10.30 മണിക്ക് പ്രസിഡന്റ് ശ്രീ അശോക് കുമാറിന്റെ അധ്യക്ഷതയിൽ മലപ്പുറം സ്കൗട്ട് ഭവനിൽ വെച്ച് നടന്നു. ശ്രീ എം കറുപ്പന്റെ സ്വാഗത പ്രസംഗത്തിനു ശേഷം, മൂന്നു വർഷത്തെ കാലയളവിൽ സ്വർഗ്ഗീയ വാസത്തിനായി നമ്മെ വിട്ടുപിരിഞ്ഞവർക്ക് ആദരാഞ്ജലികൾ അർപ്പിക്കാൻ യോഗം ഒരു മിനിറ്റ് മൗനം ആചരിച്ചു.



അധ്യക്ഷ പ്രസംഗത്തിൽ ശ്രീ അശോക് കുമാർ പുതിയ അംഗങ്ങളെ സംഘടനയിലേക്ക് സ്വാഗതം ചെയ്തു. പകർച്ചവ്യാധി മൂലം നേരിട്ട് യോഗങ്ങൾ നടത്തുന്നതിൽ നേരിടുന്ന ബുദ്ധിമുട്ടുകൾ അദ്ദേഹം പരാമർശിച്ചു. മലപ്പുറത്ത് ബാങ്കിന്റെ ക്ലിനിക്ക് സ്ഥാപിക്കുന്നതിന്റെ പുരോഗതിയും അദ്ദേഹം പരാമർശിച്ചു. യൂണിറ്റിന്റെ പ്രവർത്തനത്തിന് ഫണ്ട് കണ്ടെത്തേണ്ടതിന്റെ ആവശ്യകത അദ്ദേഹം ഊന്നിപ്പറഞ്ഞു.

നമ്മുടെ AGS സേതുമാധവൻ നായർ തന്റെ ഉദ്ഘാടന പ്രസംഗത്തിൽ സംഘടനാ കാര്യങ്ങളെക്കുറിച്ച് വിശദമായി സംസാരിച്ചു. ഘടനാപരമായ മീറ്റിംഗുകൾ നടത്തുന്നതിൽ AO തലത്തിൽ ബാങ്ക് മാനേജ്മെന്റിന്റെ നിഷേധാത്മക മനോഭാവത്തെക്കുറിച്ച് അദ്ദേഹം പ്രത്യേകം പരാമർശിച്ചു. ഒരു ബെനവലന്റ് ഫണ്ട് രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയും അദ്ദേഹം ഊന്നിപ്പറഞ്ഞു. ജില്ലാ സെക്രട്ടറി ശ്രീ നാരായണൻ റിപ്പോർട്ട് അവതരിപ്പിച്ചു. ഏരിയാ കമ്മിറ്റികൾ രൂപീകരിക്കുന്നത് അംഗങ്ങൾക്കിടയിൽ മികച്ച ആശയവിനിമയം സാധ്യമാക്കുമെന്നും അദ്ദേഹം പറഞ്ഞു. റിപ്പോർട്ടിന്മേലുള്ള ചർച്ചയിൽ, പഴയ പെൻഷൻകാർക്ക് ഗ്രാറ്റുവിറ്റി നൽകുന്നതിലെ അപാകതകൾ മുഹമ്മദ് കുഞ്ഞി ചൂണ്ടിക്കാട്ടി. എല്ലാ അംഗങ്ങളുടെയും സ്റ്റാൻഡിംഗ് നിർദ്ദേശങ്ങൾ ഫണ്ട് ശേഖരണം എളുപ്പമാക്കുമെന്ന് കറുപ്പൻ പറഞ്ഞു. ചർച്ചയിൽ പങ്കെടുത്ത യു എ കബീർ, സ്റ്റേറ്റ് ബാങ്ക് റിട്ടയർ ചെയ്യുന്നവരുടെ പെൻഷൻ സംസ്ഥാന, കേന്ദ്ര സർക്കാർ പെൻഷൻകാരുമായി താരതമ്യം ചെയ്തു.

പ്രവർത്തന/ബനവലന്റ് ഫണ്ട് രൂപീകരിക്കുന്നതിന് അംഗങ്ങളിൽ നിന്ന് സ്ഥിരമായ നിർദ്ദേശങ്ങൾ വാങ്ങണമെന്ന് എം.പി. മോഹൻദാസ് അറിയിച്ചു.



മലപ്പുറം ജില്ലാ സമ്മേളനത്തിൽ പങ്കെടുത്തവർ

എജിഎസ് ചോദ്യങ്ങൾക്ക് മറുപടി നൽകുകയും അംഗങ്ങൾ ഉന്നയിച്ച സംശയങ്ങൾക്ക് വ്യക്തത നൽകുകയും ചെയ്തു. സംസ്ഥാന കമ്മിറ്റിയിൽ നിന്ന് കോർപ്പസ് ഫണ്ട് ആവശ്യപ്പെടണമെന്നും അത് യാഥാർത്ഥ്യമാക്കാനുള്ള ശ്രമങ്ങൾ തുടരുകയാണെന്നും അദ്ദേഹം പറഞ്ഞു. തുടർന്ന് തിരഞ്ഞെടുപ്പിന്റെ ഭാഗമായി റിട്ടേണിംഗ് ഓഫീസർ, ശ്രീ ബാലകൃഷ്ണൻ ഫലപ്രഖ്യാപനം നടത്തി. വേലായുധൻ ചെമ്പൻ ജില്ലാ പ്രസിഡണ്ട് സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ടു, അതുപോലെ അശോക് കുമാർ ജില്ലാ സെക്രട്ടറിയായും ദുർഗാദാസ് എ പി ജില്ലാ ട്രഷററായും തിരഞ്ഞെടുക്കപ്പെട്ടു. എല്ലാവരും ഏകകണ്ഠമായാണ് തിരഞ്ഞെടുക്കപ്പെട്ടത്.

എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾക്കുള്ള പാനൽ ഔട്ട്ഗോയിംഗ് കമ്മിറ്റിക്ക് വേണ്ടി നാരായണൻ അവതരിപ്പിച്ചു. 11 എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളുടെ തിരഞ്ഞെടുപ്പിന് ജനറൽ ബോഡി എതിരില്ലാതെ അംഗീകാരം നൽകി.

രണ്ട് പ്രമേയങ്ങളും യോഗത്തിൽ അവതരിപ്പിച്ച് അംഗീകരിച്ചു. പെൻഷൻ പുതുക്കുന്നതിനുള്ള പ്രമേയം വിനോദ് കുമാർ ടി. യും കുടുംബ പെൻഷൻ കണക്കാക്കുന്നതിലെ അപാകതകൾ പരിഹരിക്കുന്നതിനുള്ള പ്രമേയം എം പി മോഹൻദാസും അവതരിപ്പിച്ചു. എ പി ദുർഗാദാസിന്റെ നന്ദി പ്രകാശനത്തോടെ യോഗം 1 മണിക്ക് അവസാനിച്ചു

# എറണാകുളം ജില്ലാ കേന്ദ്രത്തിന്റെ പൊതുയോഗം

എസ്.ബി.ഐ.പെൻഷനേഴ്സ അസോസിനേഷൻ, കേരള, എറണാകുളം ജില്ലാ സമ്മേളനം കലൂർ എ.ജെ.ഹാളിലെ ഒളിമ്പ്യൻ ഒ. ചന്ദ്രശേഖരൻ നഗറിൽ, 19.03.2022 ശനിയാഴ്ച്ച 10.00 മണിക്ക് ചേർന്നു. ജില്ലാ പ്രസിഡൻറ് റ്റി.ഒ.ജോൺ അധ്യക്ഷത വഹിച്ചു. ശ്രീമതി. രഞ്ജിനി ഹൃദ്യമായി പ്രാർത്ഥനാ ഗീതം ആലപിച്ചു . സി.ആർ ഷാജി സ്വാഗതം ആശംസിച്ചു. എസ്.ബി.ഐ. റീജിയണൽ മാനേജർ ശ്രീ. എസ്.സജിത്കുമാർ യോഗം ഉദ്ഘാടനം ചെയ്തു.




ജില്ലാ സെക്രട്ടറി ശ്രീ.സി.ജി.രാജഗോപാൽ, പ്രവർത്തന റിപ്പോർട്ടും പ്രഭാകരപ്രഭു വാർഷിക കണക്കുകളും യോഗ സമക്ഷം അവതരിപ്പിച്ച് ചർച്ച നടത്തി അംഗീകരിച്ചു.



ജോസഫ് പാലയ്ക്കൻ,
ഡി.ജി.എസ്. എറണാകുളം

സംഘടനാ പ്രവർത്തനങ്ങളുടെ സംക്ഷിപ്ത വിവരണം ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ജോസഫ് പാലയ്ക്കലും നടത്തി മാനേജർ (എച്ച് ആർ) ശ്രീ ജോസ്, സമ്മേളനത്തിൽ പങ്കെടുക്കുകയും സംസാരിക്കുകയുമുണ്ടായി.



സമ്മേളനത്തിൽ പങ്കെടുത്ത അംഗങ്ങളുടെ സ്റ്റേജിൽ നിന്നെടുത്ത ഒരു ദൃശ്യം

സംസ്ഥാനക്കമ്മറ്റി അംഗ ശ്രീമതി സുശീല , സംസ്ഥാന ട്രഷറർ, ജയറാം , എന്നിവർ സന്നിഹിതരായിരുന്നു. യോഗത്തിൽ എസ്.ബി. ഐ ഓഫീസേഴ്സ അസോസിയേഷൻ, എറണാകുളം ഡി.ജി.എസ് വിനു മോഹൻ ബാങ്ക് സ്റ്റാഫ് യൂണിയൻ, എറണാകുളം എ.ജി.എസ്. ഷൈൻ കുമാർ എന്നിവർ ആശംസാ പ്രസംഗം നടത്തി.
അനന്തരം ത്രൈവാർഷിക തിരഞ്ഞെടുപ്പ് നടന്നു. താഴെപ്പറയുന്നവർ എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടു.

സംഘടന ഭാരവാഹിത്വത്തിൽ നിന്നും വിരമിക്കുന്ന ട്രഷറർ കെ. പ്രഭാകര പ്രഭു. സദാനന്ദൻ പി.വി. ആന്റോ ജോസ്, വി.പി.ആർ.നായർ, ശ്രീമതി ധനലക്ഷ്മി എന്നിവരുടെ ആത്മാർത്ഥമായ പ്രവർത്തനങ്ങൾക്ക് നന്ദി രേഖപ്പെടുത്തുകയും അവരെ ആദരിക്കുകയും ചെയ്തു.

# പുതിയ ഭാരവാഹികൾ

### ജില്ലാ പ്രസിഡ ന്റ്


റ്റി.ഒ. ജോൺ

### വൈസ് പ്രസിഡന്റു മാർ

1. പി. ജെ.പാപ്പച്ചൻ
2. പി.പി.ഫ്രാൻസിസ്

### ജില്ലാ സെക്രട്ടറി


സി.ജി.രാജഗോപാൽ

### ട്രഷറർ

റ്റി.വി. രാജാമണി

### ജോയിന്റ് സെക്രട്ടറിമാർ

I. ആന്റ ണി പി. മാത്യു

ii. സി.ആർ.ഷാജി

### അസിസ്റ്റന്റ് ട്രഷറർ

ശ്രീമതി ബീന കെ രവി

### മറ്റ് ജില്ലാ കമ്മിറ്റി അംഗങ്ങൾ:-

1) ആംബ്രോസ്.സി.വി.
2) ബാലചന്ദ്രൻ.വി.എ.
3) ഹെലൻ ഡിക്രൂസ്
4) കൃഷ്ണമൂർത്തി.കെ.വി.
5) മാത്തച്ചൻ.പി.പി.
6) പയസ്സ്.എ.എ.
7) പൗലോസ്.എ.ഒ.
8) സണ്ണി.പി.വി.
9) സുശീല കുമാരി.റ്റി.ജെ

മുതിർന്ന അംഗങ്ങളെ എസ്.ബി.ഐ.റീജിയണൽ മാനേജർ ശ്രീ.എസ്.സജിത്കുമാർ ഷോളണിയിച്ച് ആദരിച്ചു. പി.പി. ഫ്രാൻസിസ് കൃതജ്ഞത പ്രകാശിപ്പിച്ചു. യോഗം 5 മണിക്ക് പര്യവസാനിച്ചു.

# പാലക്കാട്

## ജില്ലാ കേന്ദ്രത്തിന്റെ പൊതുയോഗം

പാലക്കാട് ജില്ലാ കേന്ദ്രത്തിന്റെ വാർഷിക ജനറൽ ബോഡി യോഗം 26.3.2022 ന് പാലക്കാട് സുൽത്താൻ പേട്ടയിലെ ഹോട്ടൽ 'ഗസാല'യിൽ വെച്ച് നടന്നു.

ബസ് സമരത്തിന്റെ പശ്ചാത്തലത്തിൽ നമ്മുടെ സംസ്ഥാന നേതാക്കളെയും ദൂരസ്ഥലങ്ങളിൽ നിന്നുള്ള അംഗങ്ങളെ യും യോഗത്തിൽ പങ്കെടുക്കാൻ പ്രാപ്തരാക്കുന്നതിനായി ഹാളിൽ പ്രൊജക്റ്റഡ് സ്ക്രീൻ അടക്കം മീറ്റിംഗ് ഓൺലൈനിലും ക്രമീകരിച്ചിരുന്നു.

120 ഓളം അംഗങ്ങൾ ഹാളിൽ സന്നിഹിതരായിരുന്നു, 45 ഓളം അംഗങ്ങൾ ഓൺലൈനിൽ പങ്കെടുത്തു. യോഗത്തിൽ ജില്ലാ പ്രസിഡണ്ട് പി പി ശ്രീനിവാസൻ. അധ്യക്ഷത വഹിച്ചു. യോഗം പ്രാർത്ഥനയോടെ ആരംഭിച്ചു, ജില്ലാ സെക്രട്ടറി രാധാകൃഷ്ണൻ പുല്ലഞ്ചേരി സംസ്ഥാന നേതാക്കളെയും അംഗങ്ങളെയും സ്വാഗതം ചെയ്തു. ഈ കാലയളവിൽ നമ്മെ വിട്ടുപിരിഞ്ഞവർക്ക് ആദരാഞ്ജലികൾ അർപ്പിക്കാൻ യോഗം ഒരു മിനിറ്റ് മൗനം ആചരിച്ചു. മുതിർന്ന അംഗങ്ങളെ വൈസ് പ്രസിഡന്റ് അച്യുതനുണ്ണി പൊന്നാട അണിയിച്ച് ആദരിച്ചു. സംസ്ഥാന പ്രസിഡന്റ് കെ രാജീവൻ പൊതുയോഗം ഉദ്ഘാടനം ചെയ്തു. മാനേജ്മെന്റിന്റെ നിഷേധാത്മക മനോഭാവം മൂലം അനന്തമായ കാലതാമസം നേരിടുന്ന പെൻഷൻ റിവിഷൻ കേസിന്റെ സ്ഥിതി അദ്ദേഹം തന്റെ പ്രസംഗത്തിൽ വിശദമായി വിശദീകരിച്ചു.ജനറൽ സെക്രട്ടറി എ ജയകുമാർ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ദേശീയ തലത്തിൽ ഫെഡറേഷന്റെ വിവിധ പ്രവർത്തനങ്ങളും അംഗങ്ങളുടെ പ്രയോജനത്തിനായി സംസ്ഥാന തലത്തിൽ അസോസിയേഷൻ നടത്തുന്ന ശ്രമങ്ങളും വിവരിച്ചു.

സംസ്ഥാന വൈസ് പ്രസിഡന്റുമാർ ബി സി ഉണ്ണികൃഷ്ണൻ നായർ, രാജക്കുറുപ്പ്, ഡെപ്യൂട്ടി ജനറൽ സെക്രട്ടറി മാരായ ജോസ് മാർസെലിൻ, ജോസഫ് പാലക്കൽ കൂടാതെ അസിസ്റ്റന്റ് ജനറൽ സെക്രട്ടറി ടി ഐ രാജഗോപാൽ എന്നിവർ പാലക്കാടൻ പ്രദേശത്തെ അംഗങ്ങളുടെ പ്രയോജനത്തിനായി നടത്തിയ കഠിനവും ആത്മാർത്ഥവു മായ പ്രവർത്തനങ്ങൾക്ക് അവരുടെ അഭിവാദ്യവും സന്തോഷവും അറിയിച്ചു. മെഡിക്കൽ ആനുകൂല്യങ്ങൾ, ക്ഷേമ പദ്ധതികൾ, ആരോഗ്യ ഇൻഷുറൻസ്., നമ്മുടെ സംസ്ഥാനത്ത് പെൻഷൻകാരുടെ വെൽഫെയർ സ്കീം നടപ്പിലാക്കുന്നതിൽ മുൻപന്തിയിൽ നിൽക്കുന്ന നമ്മുടെ നേതൃത്വത്തെയും അവർ അഭിനന്ദിച്ചു.

28. 02.2022-ന് അവസാനിച്ച കാലയളവിലെ സെക്രട്ടറിയുടെ റിപ്പോർട്ടിന്റെയും സാമ്പത്തിക പ്രസ്താവനയുടെയും പ്രിന്റ് ഔട്ട് അംഗങ്ങൾക്കിടയിൽ വിതരണം ചെയ്യുകയും തുടർന്ന് ജില്ലാ സെക്രട്ടറി രാധാകൃഷ്ണൻ പുല്ലഞ്ചേരി റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു. ധനകാര്യ റിപ്പോർട്ട്, ട്രഷറർ കെ ശിവദാസൻ, അംഗങ്ങളുടെ ക്ഷേമനിധി റിപ്പോർട്ട് .ആർ.വിശ്വനാഥൻ എന്നിവർ അവതരിപ്പിച്ചു. എല്ലാ റിപ്പോർട്ടുകളും ജനറൽ ബോഡി ഏകകണ്ഠമായി അംഗീകരിക്കുകയും പാസാക്കുകയും ചെയ്തു.

2022-2025 ത്രിവാർഷിക കാലയളവിലേക്കുള്ള തിരഞ്ഞെടുപ്പ് ഞങ്ങളുടെ ബൈ ലോ അനുസരിച്ച് നടത്തുകയും ഫലങ്ങൾ റിട്ടേണിംഗ് ഓഫീസർ എകെകെ മേനോൻ. പ്രഖ്യാപിക്കുകയും ചെയ്തു.

## പുതുതായി തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ



### പ്രസിഡന്റ്:



പി പി ശ്രീനിവാസൻ,

### സെക്രട്ടറി



രാധാകൃഷ്ണൻ പുല്ലഞ്ചേരി,

### ട്രഷറർ

ശ്രീ. കെ ശിവദാസൻ

### വൈസ് പ്രസിഡന്റ്

പി.അച്യുതനുണ്ണി

### ജോയിന്റ് സെക്രട്ടറി

കെ രാമകൃഷ്ണൻ

### അസിസ്റ്റന്റ് ട്രഷറർ

കെ. വാസുദേവൻ.

### എക്സിക്യൂട്ടീവ് അംഗങ്ങൾ:

1. ആർ വിശ്വനാഥൻ
2. എസ് ബാലകൃഷ്ണൻ,
3. കെ എൻ ഹർഷൻ,
4. കെ സി തുഷാർ,
5. പി എം പ്രേംകുമാർ.

നമ്മുടെ പ്രസിഡന്റ്, പി പി ശ്രീനിവാസൻ, പുതുതായി തിരഞ്ഞെടുക്കപ്പെട്ട കമ്മിറ്റി അംഗങ്ങളെ സ്വാഗതം ചെയ്യുകയും അവരുടെ ഭാവി പ്രവർത്തനങ്ങൾക്ക് വിജയാശംസകൾ നേരുകയും ചെയ്തു.

സദ്യയ്ക്ക് **ശേഷം ഒരു ഡോക്ടേഴ്സ് മീറ്റ് സംഘടിപ്പിച്ചു,** മെഡിക്കൽ ഓഫീസർ ഡോ. വി. ഗോവിന്ദരാജു. അംഗങ്ങളെ അഭിസംബോധന ചെയ്തു. അംഗങ്ങൾ ഉന്നയിച്ച എല്ലാ പ്രശ്നങ്ങൾക്കും സംശയങ്ങൾക്കും അദ്ദേഹം തൃപ്തികരമായി മറുപടി നൽകി.

എല്ലാ അംഗങ്ങൾക്കും ഉപഹാരങ്ങൾ നല്കി. ജോ. സെക്രട്ടറി കെ.രാമകൃഷ്ണൻ നന്ദി പ്രകാശിപ്പിച്ചു. . യോഗം 1.30 ന് സമാപിച്ചു

# നർമ്മ വീഥി











കൊല്ലം തിരുവനന്തപുരം ദേശിയപാത 1891ലെ ചിത്രം

# കൗതുക വാർത്തകൾ



ഇതാണ് “കുത്തുപാള”. ഇപ്പോൾ കാണാൻ പോലും കിട്ടാത്ത ഈ സാധനം ആണ് നമ്മൾ എടുക്കും എന്ന് കാരണവന്മാർ നിരന്തരം ഓർമ്മിപ്പിച്ചു കൊണ്ടിരുന്നത്.






പൊതുജന സമൂഹത്തിന്റെ വളരെ ചെറിയൊരു അംശമേ പ്രത്യക്ഷ രാഷ്ട്രീയക്കാർ ഉള്ളൂ എന്ന സത്യത്തെ മറച്ചുവച്ചു രാഷ്ട്രീയപാർട്ടിക്കാരുടെ ഒരു നിർദ്ദേശം പൊതുസമൂഹത്തിന്റെ തീരുമാനമെന്നു അവകാശപ്പെടുന്നത്, സാമാന്യ ബുദ്ധിക്കും മര്യാദക്കും ചേർന്നതാണോ? അല്ലേ, അല്ല.

കേരളത്തിൽ രാഷ്ട്രീയ പ്രവർത്തനത്തിനും മത കാര്യങ്ങൾക്കും പാതയോരത്തെ കൊടിത്തോരണങ്ങളുടെ യാതൊരാവശ്യവുമില്ല. പ്രബുദ്ധ ജനസമൂഹത്തിന് കാര്യങ്ങളറിയാൻ ഇവിടെ കണക്കിലേറെ മാധ്യമമാര്ഗങ്ങൾ ഉണ്ട്. വലിയ സ്വത്തു കൂമ്പാരമുള്ള രാഷ്ട്രീയ പാർട്ടിക്കാർക്കും മത കേന്ദ്രങ്ങൾക്കും ആഘോഷത്തിമർപ്പിന് പണദാരിദ്ര്യമില്ല.

ഈ വിഷയം സംബന്ധിച്ച ഹൈക്കോടതി നിർദ്ദേശങ്ങൾ മാറ്റമില്ലാതെ നടപ്പാക്കണം. രാഷ്ട്രീയ പാർട്ടികളുടെ തീരുമാനം പൊതുസമൂഹ താല്പര്യമായി കണക്കാക്കാൻ പാടില്ല.



പി.പി.ഫിലിപ്പ്,
വൈക്കം ഏരിയാ കമ്മിറ്റി കൺവീനർ

# വായനക്കാർ എഴുതുന്നു




## രാഷ്ട്രീയക്കാരുടെ നിശ്ചയം പൊതു സമൂഹത്തിന്റെ തീരുമാനമോ?

രാഷ്ട്രീയക്കാർ ഓൺലൈനായി യോഗം ചേർന്ന്, ഹൈക്കോടതി നിർദ്ദേശങ്ങൾ ഭേദപ്പെടുത്തി, പാതയോരങ്ങളിൽ കൊടിത്തോരണങ്ങൾ ആകാമെന്നു തീരുമാനിച്ചു, ആ വിവരം ഹൈക്കോടതിയെ അറിയിക്കാൻ അഡ്വക്കേറ്റ് ജനറലിനെ ഉത്തരവാദപ്പെടുത്തിയതായി 21.03.2231-ാം തിയതി പത്ര വാർത്തകൾ ഉണ്ട്.

ഈ ഓൺലൈൻ യോഗത്തിൽ എത്ര, ഏതെല്ലാം, രാഷ്ട്രീയപാര്ടികൾ പങ്കെടുത്തെന്നു വിശദീകരണമില്ല.




# പി. ബി. ശിവജിക്ക് അവാർഡ്



100% ഡിജിറ്റലിഎനേബിൾഡ് ജില്ലയായി കോട്ടയം ജില്ല മാറിയ വേളയിൽ ഈ നേട്ടം കൈവരിക്കാൻ നല്കിയ സേവനങ്ങൾ പരിഗണിച്ച് നമ്മുടെ കോട്ടയം അംഗം പി.ബി.ശിവജിയെ സംസ്ഥാന തല ബാങ്ക് കമ്മറ്റി ചെയർമാൻ എസ്. പ്രേമകുമാർ സ്മൃതി ഫലകം നല്കി അഭിനന്ദിക്കുന്നു.




സ്മൃതി ഫലകം

റിട്ടയർമെന്റിന് ശേഷവും കർമ്മ നിരതനായിരിക്കയും തുടർച്ചയായി നേട്ടങ്ങൾ കൈവരിക്കുകയും ചെയ്യുന്ന ശിവജിയ്ക്ക് എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷൻ, കോട്ടയം ജില്ലയുടെ അനുമോദനങ്ങൾ!

## ജീനാ തോമസിന് വുമൺ സയന്റിസ്റ്റ് റിസേർച്ച് ഗ്രാന്റ്



ജീനാ തോമസ്

കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള മിനിസ്ട്രി ഓഫ് സയൻസ് ആൻഡ് ടെക്നോളജി ഇന്ത്യയിലെ വനിതാ ശാസ്ത്രജ്ഞർക്ക് റിസേർച്ച് പ്രവർത്തനങ്ങൾക്കായി നൽകിവരുന്ന വുമൺ സയന്റിസ്റ്റ് സ്കീം എ റിസർച്ച് ഗ്രാന്റ് കാഞ്ഞിരപ്പള്ളി സ്വദേശിനി ജീനാ തോമസ് കരസ്ഥമാക്കി . 2020-21 കാലയളവിൽ എൻജിനിയറിംഗ് ആൻഡ് ടെക്നോളജി വിഭാഗത്തിൽ ഈ നേട്ടം കൈ വരിക്കുന്ന കേരളത്തിൽ നിന്നുള്ള ഏക വനിതയും ഇന്ത്യയിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട ഒൻപത് വനിതകളിൽ ഒരാളുമാണ്. . ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജിയിൽ ( കോട്ടയം ) ഗവേഷണ വിദ്യാർഥിനിയായ ജീനാ തോമസിന് ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സഹായത്തോടെ പ്രതികൂല സാഹചര്യത്തിൽ വസ്തു നിർണയത്തിനുള്ള ഗവേഷണ പ്രവർത്തനങ്ങൾക്ക് മുന്നു വർഷ കാലയളവിലേക്കാണ് ഈ അംഗീകാരം ലഭിച്ചത് . ഐഐഐടി കംപ്യൂട്ടർ സയൻസ് മേധാവി ഡോ.എബിൻ ഡെനി രാജിന്റെ കീഴിലാണ് ഗവേഷണം . എസ്ബിഐ റിട്ടയേഡ് മാനേജർമാരായ പാലാ മറ്റത്തിൽ എം . ജെ . തോമസിന്റെയും റോസിലിൻ തോമസിന്റെയും മകളും കാഞ്ഞിരപ്പള്ളി സെന്റ് ഡൊമിനിക്സ് കോളജ് കോമേഴ്സസ് വിഭാഗം മേധാവി ആനക്കല്ല്കുന്നത്ത് അനൂപ് ടോം തോമസിന്റെ ഭാര്യയുമാണ്.




## സീനിയർ സിറ്റിസൺ 50% കൺസെഷൻ

എയർ ഇന്ത്യ പ്രവർത്തിപ്പിക്കുന്ന വിമാനങ്ങൾക്കും അലയൻസ് എയർ കോഡ്ഷെയർ ഫ്ലൈറ്റുകൾക്കും ഈ ഇളവുകൾ ബാധകമാണ്. യോഗ്യത: ഇന്ത്യയിൽ സ്ഥിരമായി താമസിക്കുന്ന ഇന്ത്യൻ പൗരത്വമുള്ള ഒരു മുതിർന്ന പൗരൻ, യാത്ര ആരംഭിക്കുന്ന തീയതിയിൽ 60 വയസ്സ് തികഞ്ഞിരിക്കണം. ആവശ്യമായ രേഖകൾ: ജനനത്തീയതി യുള്ള ഏതെങ്കിലും സാധുവായ ഫോട്ടോ ഐഡി ഉദാ. വോട്ടറുടെ ഐഡി കാർഡ്, പാസ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ്, എയർ ഇന്ത്യ നൽകിയ മുതിർന്ന പൗരന്മാരുടെ ഐഡി കാർഡ് തുടങ്ങിയവ.. കിഴിവ്: ഇക്കണോമി ക്യാബിനിലെ തിരഞ്ഞെടുത്ത ബുക്കിംഗ് ക്ലാസുകളിൽ അടിസ്ഥാന നിരക്കിന്റെ 50%. യാത്ര: ഇന്ത്യയിലെ ഏത് മേഖലയും. ടിക്കറ്റ് സാധുത: ഇഷ്യൂ ചെയ്ത തീയതി മുതൽ 1 വർഷം. പുറപ്പെടുന്നതിന് 3 ദിവസം മുമ്പ് ടിക്കറ്റ് മുൻകൂർ വാങ്ങണം.

### കുട്ടികൾക്ക്: കിഴിവ് ബാധകമല്ല.

ശിശു: (2 വയസ്സിൽ താഴെ) ആദ്യ കുട്ടി ഒരു കൂപ്പണിന് INR 1250, കൂടാതെ ബാധകമായ നികുതികൾ. രണ്ടാമത്തെയും അതിലധികവും ശിശുക്കൾക്ക്, കിഴിവ് അനുവദനീയമല്ല.
തീയതി/ഫ്ലൈറ്റ് മാറ്റം, റദ്ദാക്കൽ & റീഫണ്ട്: അനുവദനീയം. ഫീസ് ബാധകമാണ്. ചെക്ക് ഇൻ സമയത്തോ ബോർഡിംഗ് ഗേറ്റിലോ പ്രസക്തമായ ഐഡി / ഡോക്യുമെന്റുകൾ ഹാജരാക്കിയില്ലെങ്കിൽ, അടിസ്ഥാന നിരക്ക് നഷ്ടപ്പെടുകയും ടിക്കറ്റുകൾ റീഫണ്ട് ചെയ്യപ്പെടാത്തതായി മാറുകയും ചെയ്യും. (നികുതികളും ലെവികളും മാത്രം റീഫണ്ട് ചെയ്യപ്പെടും). ചെക്ക് ഇൻ സമയത്തും ബോർഡിംഗ് ഗേറ്റിലും തിരിച്ചറിയൽ രേഖ നൽകിയില്ലെങ്കിൽ ബോർഡിംഗ് നിരസിക്കപ്പെടും.

റീജിയണൽ കണക്റ്റിവിറ്റി അലയൻസ്, എയർ കോഡ്ഷെയർ ഫ്ലൈറ്റുകളിലും എയർഇന്ത്യ എക്സ്പ്രസ് കോഡ്ഷെയർ ആഭ്യന്തര വിമാനങ്ങളിലും ഈ ഇളവുകൾ ബാധകമല്ല

# 2022 മാർച്ച് മാസം വിരമിക്കുന്നവരോട്

പ്രിയപ്പെട്ടവരെ,
2022 മാർച്ച് അവസാനം സർവീസ് പൂർത്തിയാക്കി വിരമിക്കുന്നത് 33 പേരാണ്. വരും മാസങ്ങളിലും ഏറെപ്പേർ ബാങ്കിന്റെ പടിയിറങ്ങുകയാണ്. ബാങ്കുമായി നമ്മുടെ ബന്ധം വേറിട്ടു കഴിഞ്ഞു. നമുക്ക് നാം മാത്രമാണിനി ആശ്രയം. അംഗീകൃത സംഘടനയായ എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷനിൽ ചേർന്ന് ഒത്തൊരുമിച്ച് പ്രവർത്തിക്കുവാൻ സ്നേഹപൂർവം ക്ഷണിക്കുന്നു. എല്ലാവർക്കും ആരോഗ്യ പൂർണമായ, സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു.
സ്നേഹപൂർവം


മാത്യു അടയ്ക്കമുണ്ടയ്ക്കൽ
ഡി.ജി.എസ്. കോട്ടയം


ജോസഫ് പാലയ്ക്കൻ,
ഡി.ജി.എസ്. എറണാകുളം

# ഈ മാസം സർവീസിൽ നിന്ന് വിരമിക്കുന്നവർ

എസ്ബിഐയിൽ നിന്നും 2022 മാർച്ച് 31ന് വിരമിക്കുന്നവർ

1. സാബു മത്തായി, ഡെ. മാനേജർ, അങ്കമാലി
2. ഗണേഷ്.വി.നന്ദൻ, ചീഫ് അസോസ്സിയേറ്റ്, കലൂർ, എറണാകുളം
3. ശ്രീകുമാർ.കെ.പി. ചീഫ് അസ്സോസിയേറ്റ്, എൽ.സി. പി.സി. എറണാകുളം
4. ഇന്ദു.വി.സി. ചീഫ് അസ്സോസിയേറ്റ് എൻ.ആർ. ഐ. കൊച്ചി ശാഖ, എറണാകുളം
5. പോൾ എം.വി. സീനിയർ അസ്സോസിയേറ്റ് ആർ.എ.സി.പിസി. , എറണാകുളം
6. കല്യാണി.റ്റി.ജി. സീനിയർ ഹെഡ് മെസ്സഞ്ജർ വൈറ്റില, എറണാകുളം
7. ശശി.പി.എൻ. സീനിയർ അസ്സോസിയേറ്റ് വഴിത്തല എറണാകുളം
8. അനിൽ കുമാർ.പി. അസിസ്റ്റന്റ് കണ്ണൂർ
9. ഗോവിന്ദൻ.സി.കെ. സീനിയർ ഹെഡ് വാച്ച് മാൻ , പയ്യന്നൂർ
10. .പ്രകാശൻ.റ്റി. സ്പെഷ്യൽ .അർകെസി എ.ഡി.ബി പയ്യന്നൂർ
11. ശ്രീജ.എം.വി., സ്പെഷ്യൽ അസ്സോസിയേറ്റ്, തലശ്ശേരി ഠൗൺ ശാഖ
12. ബേബി.കെ.ലാസർ സ്പെഷ്യൽ .അർകെസി കോട്ടയം
13. സതീഷ് കുമാർ.എൻ. ഡെ.മാനേജർ കുറിച്ചി, കോട്ടയം
14. സൂസമ്മ ആന്റണി, ചീഫ് അസ്സോസിയേറ്റ്, പായിപ്പാട്
15. വിൽസൺ ജോർജ്ജ്. സി. ചീഫ് അസ്സോസിയേറ്റ്, വടവാതൂർ. കോട്ടയം
16. ബി.മനോഹരൻ സീനിയർ ഹെഡ് മെസ്സഞ്ജർ. അമ്പലപ്പുഴ
17. ജനാർദ്ദനൻ .പി. ഡെ.മാനേജർ. കൊയിലാണ്ടി
18. ഉണ്ണികൃഷ്ണൻ.പി.ജി. സ്പെഷ്യൽ അസ്സോസിയേറ്റ് മലാപ്പറമ്പ്
19. അബ്ദുള്ള.കെ.കെ. സീനിയർ അസ്സോസിയേറ്റ് താമരശ്ശേരി, കോഴിക്കോട്
20. ചാക്കോ ആന്റണി, സീനിയർ ഹെഡ് വാച്ച് മാൻ. പെരിന്തിൽമണ്ണ, മലപ്പുറം
21. ഗോപാലകൃഷ്ണൻ.കെ.പി. സീനിയർ അസോസ്സിയേറ്റ്, പൂക്കോട്ടുമ്പാടം, മലപ്പുറം
22. നാസർ.കെ.എം. മാനേജർ, റാസ്മെക്ക്, തിരുവല്ല
23. സുനിൽ കമാർ.കെ.എം. സീനിയർ ഹെഡ് വാച്ച് മാൻ തിരുവല്ല ഠൗൺ ശാഖ
24. സുബ്രഹ്മണ്യം.പി.ആർ. സീനിയർ ഹെഡ് മെസ്സഞ്ജർ കൊടുങ്ങല്ലൂർ
25. ജയലക്ഷ്മി.റ്റി.സി. മാനേജർ, റാസ്മെക്ക്, ഇരിഞ്ഞാലക്കുട
26. ബിനോ ജോർജ്ജ് തോമസ്, മാനേജർ ലോക്കൽ ഹെഡ് ഓഫീസ് തിരുവനന്തപുരം
27. ജയൻ.വി. അസി. ജനറൽ മാനേജർ ലോക്കൽ ഹെഡ് ഓഫീസ്, തിരുവനന്തപുരം
28. ഷീബ.എ.കെ. ചീഫ് അസ്സോസിയേറ്റ്, പുളിയറക്കോണം ശാഖ, തിരുവനന്തപുരം
29. സരോജം.ഡി. മെസ്സഞ്ജർ ശാസ്തമംഗലം, തിരുവനന്തപുരം
30. മണിമേഖല.പി. ഡെ. മാനേജർ, സി.സി.പി.സി. തിരുവനന്തപുരം
31. റീത്ത കെടഞ്ഞോത്ത്, ചീഫ് അസ്സോസിയേറ്റ് തിരുമല, തിരുവനന്തപുരം
32. ഓമനക്കുട്ടൻ.സി.ബി. സീനിയർ ഹെഡ് വാച്ച് മാൻ, തിരുവനന്തപുരം സിറ്റി
33. ലൈലാ പുന്നൂസ്, വാകത്താനം ശാഖ

# സൂസമ്മ ആന്റണി

36 വർഷവും ,6 മാസവും , 12 ദിവസവും സ്തുത്യർഹമായ സേവനത്തിനുശേഷം പായിപ്പാട് ശാഖയിൽ നിന്നും ചീഫ് അസ്സോസ്സിയേറ്റായി മാർച്ച മാസം 31–ാം തിയതി സർവീസിൽ നിന്നും വിരമിക്കുന്ന ശ്രീമതി. സൂസമ്മ ആന്റണിക്ക് ആരോഗ്യവും, സന്തോഷവും, സമാധാന പൂർണ്ണവുമായ ഒരു റിട്ടയേർഡ് ജീവിതം ആശംസിക്കുന്നു..



സൂസമ്മ ആന്റണി.




സൂസമ്മ ആന്റണിക്ക് നൽകിയ യാത്ര അയപ്പുവേളയിൽ എസ്.ബി. ഐ പെൻഷനേർസ് അസ്സോസ്സിയേഷനിലേക്ക് സ്വാഗതം ചെയ്തു കൊണ്ട് നിയുക്ത ചങ്ങനാശ്ശേരി ഏരിയ ജോ. കൺവീനർ റഫീക്ക്. എസ്.എം. സംസാരിക്കുന്നു.

## വിൽസൺ.സി.ജോർജ്ജ്



വിൽസൺ.സി.ജോർജ്ജ്

36 വർഷം നീണ്ട സ്തുത്യർഹമായ സർവീസ് പൂർത്തിയാക്കിയ ശേഷം എസ്ബിഐ വടവാതൂർ. കോട്ടയം ശാഖയിൽ നിന്നും വിരമിച്ച ചീഫ് അസ്സോസിയേറ്റ് വിൽസൺ. സി. ജോർജ്ജ്. സന്തോഷം നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസ്സോസിയേഷനിൽ ചേർന്ന് പ്രവർത്തിക്കുവാൻ സ്നേഹപൂർവം ക്ഷണിക്കുന്നു.



വിൽസൺ.സി.ജോർജ്ജിന്റെ യാത്രയയപ്പ് വേളയിൽ വടവാതൂർ ശാഖയിൽ ഒത്തുചേർന്ന പെൻഷനേഴ്സ് അസ്സോസിയേഷൻ പ്രവർത്തകർ

## സതീഷ് കുമാർ.എൻ



സതീഷ് കുമാർ.എൻ

35 വർഷവും 22 ദിവസവും ദീർഘിച്ച സ്തുത്യർഹമായ സേവനത്തിനുശേഷം കുറിച്ചി, കോട്ടയം ശാഖയിൽ നിന്നും ഡെ.മാനേജർ ആയി സർവീസിൽ നിന്നും വിരമിക്കുന്ന സതീഷ് കുമാർ.എൻ. 1987 മാർച്ച് 9 -ാം തിയതി മണിമല ശാഖയിൽ ചേർന്നു. തുരുത്തി, കറുകച്ചാൽ, കുറിച്ചി, എസ്. ബി. കോളേജ് ചങ്ങനാശ്ശേരി, തിരുവല്ല, എൽസിപിസി തിരുവനന്തപുരം എന്നിവിടങ്ങളിൽ ജോലി നോക്കി. ഇപ്പോൾ കുറിച്ചി ശാഖയിൽ നിന്നും വിരമിക്കുന്നു. .



സതീഷ് കുമാറിന്റെ റിട്ടയർമെന്റ് മീറ്റിംഗിൽ പെൻഷനേർസ് അസോസിയേഷനെ പ്രതിനിധീകരിച്ച് ജില്ലാ വൈസ് പ്രസിഡന്റ് കെ.എൻ വിശ്വനാഥൻ നായർ, ആശംസകൾ അറിയിച്ചു കൊണ്ട് സംസാരിക്കുന്നു.



നിയുക്ത ചങ്ങനാശ്ശേരി ഏരിയ കൺവീനർ രാജൻ ജോർജ്ജ് എസ്.ബി. ഐ പെൻഷനേർസ് അസ്സോസ്സിയേഷനിലേക്ക് സതീഷ് കുമാറിനെ സ്വാഗതം ചെയ്യുന്നു.

അദ്ദേഹത്തിന് ധന്യമായ, ആരോഗ്യവും, സന്തോഷവും നിറഞ്ഞ, സമാധാനപൂർണ്ണവുമായ ഒരു റിട്ടയേർഡ് ജീവിതം ആശംസിക്കുന്നു. കൂടാതെ എസ്.ബി. ഐ പെൻഷനേർസ് അസ്സോസ്സിയേഷനിലേക്ക് സ്വാഗതം ചെയ്യുന്നു.

# പ്രകാശൻ.റ്റി.



പ്രകാശൻ.റ്റി.

37 വർഷവും 1 മാസവും ദീർഘിച്ച സ്തുത്യർഹമായ സമർപ്പിത സേവൻത്തിന് ശേഷം എ.ഡി.ബി പയ്യന്നൂർ ശാഖശാഖയിൽ നിന്നും സ്പെഷ്യൽ .അർകെസി പദവിയിൽ നിന്നും വിരമിച്ച പ്രകാശൻ.റ്റി.

ആരോഗ്യ പൂർണമായ, സമാധാനവും സന്തോഷവും നിറഞ്ഞ റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു. എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷനുമായി ച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു. യാത്രാമംഗളങ്ങൾ!!

# ശ്രീജ.എം.വി.



ശ്രീജ.എം.വി.

,

34 വർഷവും 6 മാസവും 24 ദിവസവും ദീർഘിച്ച കറപുരളാത്ത, തിളക്കമാർന്ന സേവനത്തിന് ശേഷം തലശ്ശേരി ഠൗൺ ശാഖയിൽ നിന്നും 2022 മാർച്ച് മാസം 31–ാം തിയതി വിരമിക്കുന്ന ശ്രീജ.എം.വി., സ്പെഷ്യൽ അസ്സോസിയേറ്റ്. സന്തോഷപൂർണ്ണമായ രണ്ടാം ഇന്നിംഗ്സ് ആശംസിക്കുന്നു. ഒപ്പം സംഘടനയിലേക്ക് സ്വാഗതം ചെയ്യുകയും ചെയ്യുന്നു.

# ലൈലാ പുന്നൂസ്



ലൈലാ പുന്നൂസ്

35വർഷം ദീർഘിച്ച കളങ്കരഹിതമായ സമർപ്പിത സേവനത്തിന ശേഷം വാകത്താനം ശാഖയിൽ നിന്നും ചീഫ് അസ്സോസിയേറ്റ് പദവിയിൽ നിന്നും 2022 മാർച്ച് മാസം 31–ാം തിയതി വിരമിക്കുന്ന ലൈലാ പുന്നൂസ് ധന്യമായ , സമാധാനവും സന്തോഷവും നിറഞ്ഞ ഒരു റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു. എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷനു മായിച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു.




# ലോക നാടക ദിനം മാർച്ച് 27 ന്

ഇന്ററർനാഷണൽ തിയറ്റർ ഇൻസ്റ്റിറ്റ്യൂട്ടാണ് (ഐടിഐ) 1962 ൽ ലോക നാടക ദിനം ആരംഭിച്ചത്. എല്ലാ വർഷവും മാർച്ച് 27 ന് ഐടിഐ സെന്ററുകളും അന്താരാഷ്ട്ര നാടക സമൂഹവും ഇത് ആഘോഷിക്കുന്നു. ഈ അവസരത്തോടനുബന്ധിച്ച് വിവിധ ദേശീയ അന്തർദേശീയ നാടക പരിപാടികൾ സംഘടിപ്പിക്കുന്നു.. ഐടിഐയുടെ ക്ഷണപ്രകാരം ലോകനിലവാരമുള്ള ഒരു വ്യക്തി " തിയേറ്ററും സമാധാനത്തിന്റെ സംസ്കാരവും " എന്ന വിഷയത്തിൽ തന്റെ ആശയങ്ങൾ പങ്കുവെക്കുന്നു.



ലോക നാടക ദിനത്തിലെ ഒരു പ്രകടനം



തലയോലപ്പറമ്പ് മുദ്ര കൾച്ചറൽ & ആർട്ട്സ് സൊസൈറ്റിയുടേയും കേരള സംസ്ഥാന നാടക സമിതിയായ "നാടകി"ന്റേയും സംയുക്താഭിമുഖ്യത്തിൽ നടന്ന ലോക നാടക ദിന വേദിയിൽ (വേൾഡ് തിയേറ്റർ ഡേ) അദ്ധ്യക്ഷ പ്രസംഗം നടത്തുന്ന നമ്മുടെ പ്രസിഡന്റ് എം.ജി.രാഘവൻ

വേൾഡ് തിയേറ്റർ ഡേ ഇന്റർനാഷണൽ മെസേജിന്റെ പ്രചാരമാണ് ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത്. 1962-ൽ ജീൻ കോക്റ്റോ (ഫ്രാൻസ്) ആണ് ലോക തിയേറ്റർ ദിനത്തിന്റെ ആദ്യ അന്താരാഷ്ട്ര സന്ദേശം എഴുതിയത്. ഇത് ആദ്യം ഹെൽസിങ്കിയിലും പിന്നീട് വിയന്നയിലും 1961 ജൂണിൽ ഐ.ടി.ഐ.യുടെ 9-ാമത് വേൾഡ് കോൺഗ്രസിൽ ഫിന്നിഷ് സെന്ററിനെ പ്രതിനിധീകരിച്ച് പ്രസിഡന്റ് ആർവി കിവിമ നിർദ്ദേശിച്ചു. ഇന്റർനാഷണൽ തിയേറ്റർ ഇൻസ്റ്റിറ്റ്യൂട്ടാണ് ലോക നാടക ദിനം ആചരിക്കുന്നത്. സ്കാൻഡിനേവിയൻ കേന്ദ്രങ്ങളുടെ പിന്തുണയോടെയുള്ള നിർദ്ദേശം ഏറെ പ്രശംസ നേടിയിരുന്നു. .



നിയുക്ത ജില്ല പ്രസിഡന്റ് കെ.എൻ. വിശ്വനാഥൻ നായരും ഭാര്യ ഉഷയും പ്രശസ്ത സിനിമാതാരം പദ്മശ്രീ ജയറാമിനോടൊപ്പം തിരുനക്കര ഉത്സവ വേളയിൽ.

.

OASIS

Older Adults Sharing In Service






# കണ്ണീർ പ്രണാമം!

## സുധാകരൻ.ഡി



സുധാകരൻ.ഡി

സുധാകരൻ.ഡി. (LM No. 1305) സുജാസ്, കരിക്കകം, തിരുവനന്തപുരം മരണപ്പെട്ട വിവരം അത്യന്തം ദു:ഖത്തോടെ റിപ്പോർട്ട് ചെയ്യുന്നു. എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ തിരുവനന്തപുരം യൂണിറ്റ് അംഗമായിരുന്നു. ഭാര്യ പരേതയായ ജലജകമാരി. മക്കൾ:ഡോ.വീണ.ജെ.എസ്. വിജി.ജെ.എസ്. ദുഃഖാർത്ത രായ കുടുംബാംഗങ്ങളോട് എസ്.ബി.ഐ. പെൻഷനേഴ് സ്അസോസിയേഷന്റെ അനുശോചനം അറിയിക്കുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുന്നു.

## കെ.ഇ.ഷാജഹാൻ



കെ .ഇ. ഷാജഹാൻ

എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം ജില്ലാ കേന്ദ്രത്തിലെ അംഗവും നമ്മുടെ സ്റ്റേറ്റ് കമ്മിറ്റി മെമ്പറുമായ ശ്രീമതി റൈസാ ബീഗത്തിന്റെ ഭർത്താവ് അൻസാരി.. കെ .ഇ. യുടെ ഇളയ സഹോദരനും അതിരംപുഴ മുസ്ലിം ജമാഅത്ത് കൗൺസിലറും മറ്റം ജുമുഅ: മസജിദ് പ്രതിനിധിയുമായ കെ .ഇ. ഷാജഹാൻ കറുകച്ചേരിൽ (ഷാജിയണ്ണൻ) നിര്യാതനായ വിവരം വ്യസന സമേതം അറിയിക്കുന്നു. 60 വയസ്സ് ആയിരുന്നു. കൊവിഡാനന്തര ചികിത്സയി ലിരിക്കവേ അന്ത്യം സംഭവിക്കുകയായിരുന്നു. ഖബറട ക്കം 2022 മാർച്ച് മാസം 3-ാം തിയതി – വ്യാഴം അസറിന് കൈതമല ഖബർസ്ഥാനിൽ നടത്തി.. കുടുംബാംഗങ്ങ ളുടെയും ബന്ധുമിത്രാദികളുടേയും ദു:ഖത്തിൽ എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷനും പങ്കു ചേരുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുന്നു.

## വിശാലാക്ഷി മേനോൻ

എസ്ബി ഐ റിട്ട .പരേതനായ വി.റ്റി.ജി. മേനോന്റെ ഭാര്യ വിശാലാക്ഷി മേനോൻ, നിര്യാതയായ വിവരം വ്യസന സമേതം അറിയിക്കുന്നു. 85 വയസ്സായിരുന്നു. പാലക്കാട് അകത്തേതറയിൽ ക്രിസ്റ്റൽ അപ്പർട്ട്മെന്റിലാ യിരുന്നു താമസം. മകൻ: രഘുനാഥ മേനോൻ.



വിശാലാക്ഷി മേനോൻ

എസ്ബി ഐ പെൻഷനേഴ്സ് അസോസിയേഷൻ പാലക്കാട് ജില്ലാ കേന്ദ്രത്തിന്റെ അനുശോചനം അറിയിക്കുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.

# ഡൊമിനിക് ജോസഫ്

എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം ജില്ലാ കേന്ദ്രത്തിലെ അംഗം ഡൊമിനിക് ജോസഫ് കുന്നപ്പള്ളി (ടോമി) എന്ന അതി കായകൻ ഇനി ഓർമയിൽ മാത്രം.



## ഡൊമിനിക് ജോസഫ് (ടോമി )

ഭാര്യ: കോട്ടയം പനന്താനം പരേതയായ അന്നമ്മ കുരുവിള. മക്കൾ എലി സബത്ത് ഡൊമിനിക് ( അസോസിയേറ്റ് പ്രൊഫസർ , സെൻറ് ഗിറ്റ്സ് ഇൻസ്റ്റിറ്റ്യൂ ഓഫ് മാനേജ്മെൻറ്, പാത്താമുട്ടം), ജോസഫ് ഡോമിനിക് പ്രോഗ്രാം മാനേജർ, എസ്.എ.പി , ലാബ്സ് , ബെംഗളൂരു. മരുമക്കൾ : കൊച്ചി തിരുവാണിയൂർ ഇടപ്പിള്ളി മറ്റത്തിൽ സണ്ണി ജോസഫ് ( കോ - ഓർഡിനേറ്റിങ് എഡിറ്റർ , മലയാള മനോരമ, ആലപ്പുഴ) , തൊടുപുഴ മുളയ്ക്കൽ മിഷ് ജോർജ്ജ് (ക്വാളിറ്റി എൻജിനീയർ, എസ്.എ.പി. ലാബ്സ്, ബെംഗളൂരു )

ഭൗതിക ശരീരം 2022 മാർച്ച് 6 ഞായറാഴ്ച രാവിലെ 8 മണിയോടുകൂടി പുതുപ്പള്ളിയിലുള്ള പമ്മറ്റം വീസ് വാലീസ് അപ്പർട്ട്മെന്റ്സിൽ പൊതു ദർശനത്തിനു വെച്ചു. അതിന് ശേഷം ഒരു മണിയോടുകൂടി രണ്ടിന് പുതുപ്പള്ളി വിസ് വാലീസ് , വില്ലാസിലെ വീട്ടിലെ ശുശ്രുഷയ്ക്കുശേഷം ചങ്ങനാശേരിക്ക് കൊണ്ടുപോയി. ശവസംസ്കാരം ഫാത്തിമപുരം പള്ളി സിമിത്തേരിയിൽ തന്റെ പ്രിയതമ അന്നമ്മ വിശ്രമം കൊള്ളുന്ന കല്ലറയിൽ നടത്തി. എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷൻ കോട്ടയം ജില്ല സെന്ററിന്റെ അനുശോചനം അറിയിക്കുന്നു മകന്റെയും മകളുടെയും മറ്റ് കുടംബാംഗങ്ങളുടെയും ദുഃഖത്തിൽ പങ്ക് ചേരുന്നു . പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.

## അനുശോചനം

അപ്രതീക്ഷിത വിയോഗത്തെപ്പറ്റി അറിഞ്ഞപ്പോൾ ഞെട്ടലും ദുഃഖവും തോന്നി. നല്ല അറിവുള്ള വ്യക്തിയും എസ്ബിഐ ഓഫീസേഴ്സ് അസോസിയേഷന്റെ ആത്മാർത്ഥതയുള്ള നേതാവുമാണ്. എല്ലായ്പ്പോഴും വളരെ മനോഹരവും പുഞ്ചിരിക്കുന്നതുമായ ഭാവത്തോടെ, എല്ലാ സഹപ്രവർത്തകർക്കും പ്രിയങ്കരനായി. അദ്ദേഹത്തിന്റെ പ്രിയപ്പെട്ട കുടുംബത്തിനും കുട്ടികൾക്കും എന്റെ ഹൃദയംഗമമായ അനുശോചനം. അദ്ദേഹത്തിന് നിത്യശാന്തി ലഭിക്കട്ടെ എന്ന് എന്റെ പ്രാർത്ഥനകൾ.

**രാജീവൻ കെ. സംസ്ഥാന പ്രസിഡന്റ്**

## മനസ്സിൽ നിന്നും മായുകയില്ല.

ഒരു ഉറ്റ സുഹൃത്തിന്റെ നഷ്ടത്തിൽ വളരെ വേദന ഉണ്ട്. എപ്പോഴും പ്രസന്നമായ മുഖവും സന്തോഷിപ്പിക്കുന്ന വാക്ചാതുര്യവും ഒരിക്കലും മനസ്സിൽ നിന്നും മായുകയില്ല.. പ്രിയ സുഹൃത്തിനു ഹൃദയം നിറഞ്ഞ ആദരാഞ്ജലികൾ.

**കെ. എം. കുര്യൻ**

## ബന്ധങ്ങൾ നിലനിർത്താൻ താൽപര്യം

സുഹൃദ് ബന്ധങ്ങൾ എന്നും നിലനിർത്താൻ താൽപര്യം ഉള്ള ഒരു വ്യക്തി ആയിരുന്നു ഡൊമിനിക് ജോസഫ്. ശ്രീ ഡൊമിനിക്കിന്റെ വേർപാട് എല്ലാവരെയും വേദനിപ്പിക്കും എന്നത് ഒരു സത്യം തന്നെയാണ്. വളരെ ദുഃഖത്തോടെ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

**കെ.ജി.രവീന്ദ്രൻ**

## അപൂർവ്വ വ്യക്തിത്വം

നല്ല ഒരു സുഹൃത്ത്, മികച്ച വാഗ്മി ഇംഗ്ലീഷ് ഭാഷയിൽ അപാരജ്ഞാനം, എല്ലാ വിഷയങ്ങളിലും പാണ്ഡിത്യം, കവി അതിവ ധൈര്യവും തന്റേടവും പ്രകടിപ്പിച്ച ധീരൻ, ജനകിയൻ, സംഘാടകൻ ഇങ്ങനെ നൂറു വിശേഷണങ്ങൾ ഉള്ള അപൂർവ്വ വ്യക്തിത്വമാണ് നമുക്ക് നഷ്ടമായത്.

അദ്ദേഹത്തിനെപ്പറ്റി ഒരുപാട് നല്ല കാര്യങ്ങൾ പറയാനുണ്ട്. സംഘടനയോട് എന്നും കൂറു പുലർത്തിയിരുന്നു. അകാലത്തിൽ നമ്മെ വിട്ടുപോയി. അദ്ദേഹത്തിന്റെ ദീപ്ത സ്മരണയ്ക്ക് മുൻപിൽ ആദരാഞ്ജലികൾ!
മാത്യു അടയ്ക്കമുണ്ടയ്ക്കൽ

## വിലപ്പെട്ട ഉപദേശങ്ങൾ നൽകിയ പ്രതിഭ

ഡൊമിനിക് സാറിനൊപ്പം കോട്ടയം ബ്രാഞ്ചിൽ ജോലി ചെയ്തു. സഹോദര വാത്സല്യമുള്ള യഥാർത്ഥ സുഹൃത്ത്. വ്യക്തിജീവിതത്തിലും ഔദ്യോഗിക ജീവിതത്തിലും വിലപ്പെട്ട ഉപദേശങ്ങൾ നൽകിയ പ്രതിഭ. മറ്റുള്ളവർക്ക് സന്തോഷം നൽകിയ സന്തുഷ്ടനായ മനുഷ്യൻ. കഴിഞ്ഞ ക്രിസ്മസ് ദിനത്തിൽ അദ്ദേഹവുമായി സംസാരിച്ചു. വിടവാങ്ങൽ വളരെ വേദനാജനകവും അപ്രതീക്ഷിതവുമാണ്, ശരിക്കും ഒരു വ്യക്തിയുടെ നഷ്ടമാണ്. അദ്ദേഹത്തിന്റെ ആത്മാവ് ശാശ്വതമായി വിശ്രമിക്കട്ടെ
പി.പി.ജോൺ

## ഓർമ്മകൾക്കു മരണമില്ല

**Departure of a TITAN. Indeed, to those who knew him, he was a TITAN in all respects.**
കാച്ചിക്കുറുക്കിയജീവിത നിരീക്ഷണങ്ങൾ. പഠിച്ചു നടത്തുന്ന പഠനങ്ങൾ. ഒന്നും പാഴകാത്ത പ്രവചനങ്ങൾ. സ്നേഹ മൂറുന്ന സൗഹൃദം.. ഡോമിനിക്ക് ഇവയും മറ്റു പലതുമായിരുന്നു. ഡോമിനിക്ക് എവിടെയുണ്ടോ അവിടെ ആഹ്ലാദ തിമിർപ്പുണ്ടായിരുന്നു. ലോ കൊളേജ് പഠന കാലം അവിസ്മരണീയമാണ്. ഫാത്തിമ ജീവിതം എന്നും ജീവനുള്ളതാണ്..... ഓർമ്മകൾക്കു മരണമില്ല.
പി.പി.ഫിലിപ്പ്

# പി.കെ. വിശ്വനാഥൻ നായർ



. പി കെ വിശ്വനാഥൻ നായർ

എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോഴിക്കോട് ജില്ലാ കേന്ദ്രത്തിലെ അംഗമായ ശ്രീ. പി കെ വിശ്വനാഥൻ നായർ (L.M.137) സോപാനം, സബ് സ്റ്റേഷൻ റോഡ്, ചേവായൂർ, നിര്യാതനായ വിവരം വ്യസന സമേതം അറിയിക്കുന്നു. 85 വയസ്സായിരുന്നു. ഭാര്യ :ശാന്തകുമാരിയമ്മ. പരേതന്റെ ആത്മാവിന്റെ നിത്യശാന്തിക്കായി പ്രാർത്ഥിക്കുന്നതോടൊപ്പം വേർപാടിൽ വ്യസനിക്കുന്ന കുടുംബത്തോട് എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷൻ, കോഴിക്കോട് ജില്ലയുടെ അനുശോചനവും അറിയിക്കുന്നു. ആദരാഞ്ജലികൾ!

## അനുശോചനം

ഞങ്ങളുടെ പ്രിയപ്പെട്ട വിശേട്ടൻ ഇനി നമ്മോടൊപ്പമില്ല. ഒരു പക്കാ എസ്.ബി.ഐ മാനേജർ. അതുപോലെ ഒരു അസോസിയേഷൻ പ്രവർത്തകൻ. ഏതെങ്കിലും ഒരു നേട്ടത്തിനും വേണ്ടി തന്റെ പ്രത്യയശാസ്ത്രങ്ങളിൽ വിട്ടുവീഴ്ച ചെയ്തില്ല. അദ്ദേഹം ഞങ്ങളുടെ രക്ഷാധികാരിയും മാർഗ്ഗദർശിയും ഉപദേശകനുമായിരുന്നു . ഒരിക്കലും മനസ്സിൽ ഒന്നും മറച്ചു വച്ച് പ്രവർത്തിക്കാത്ത മഹത്വം. ഒരു മഹാനായ മനുഷ്യൻ. തനിക്ക് തോന്നിയ തെന്തും ഭയമില്ലാതെ തുറന്നു പറയുമായിരുന്നു. ഏകദേശം 2-3 വർഷത്തോളം ഞങ്ങൾ ഒറ്റപ്പാലം ബ്രാഞ്ചിൽ ഒരു മേൽക്കൂരയ്ക്ക് താഴെ ഒന്നിച്ച് ആയിരുന്നു. ആ നാളുകൾ ഒരിക്കലും മനസ്സിൽ നിന്നും മായുകയില്ല
ബഹുമാനത്തോടെ
രമേഷ് നീലകണ്ഠൻ

# എൻ.പി.തോമസ്



എൻ.പി.തോമസ്

മുൻ എസ്.ബി.റ്റി. ജീവനക്കാരൻ നട്ടാശ്ശേരി ഞള്ളനാട്ട് മാലി അനുഗ്രഹ വീട്ടിൽ എൻ.പി.തോമസ് നിര്യാതനായി. 75വയസ്സായിരുന്നു. സംസ്ക്കാരം 2022 മാർച്ച് 11 വെള്ളി ഉച്ചക്ക് 4 മണിക്ക് നല്ലയിടയൻ പള്ളി സെമിത്തേരിയിൽ നടത്തി. എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ അനുശോചനം അറിയിക്കുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു

# കെ. എസ്. ശരത്



കെ. എസ്. ശരത്

പത്തനംതിട്ട ലീഡ് ബാങ്ക് ഒഫീസിൽ സബ് സ്റ്റാഫ് ആയി ജോലിയിലുള്ള ഉഷയുടെ പ്രിയ പുത്രൻ കുമ്പഴ ബാഥനി സ്കൂളിലെ കായികാദ്യാപകൻ കെ. എസ്. ശരത് ആക്സ്മികമായി മരണപ്പെട്ട വിവരം അതീവ ദു:ഖത്തോടെ അറിയിക്കുന്നു. കൊട്ടാരക്കര പുത്തൂരിൽ ഉണ്ടായ വാഹനാപകടത്തിൽ പരിക്കെറ്റ് ചികിത്സ യിലായിരുന്നു. എസ്. ബി. ഐ. പെൻഷനേഴ്സ് അസോസിയേഷൻ പത്തനംതിട്ട ജില്ലാ കേന്ദ്രത്തിന്റെ അനുശോചനം ഉഷയെയും കുടുംബത്തെയും അറിയിക്കുന്നു. അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി നേരുന്നു.

# വി.ഗോപിനാഥ്

ബാങ്കുദ്യോഗസ്ഥരുടെ പ്രമുഖ നേതാവായിരുന്ന, ഇൻഡ്യൻ ഓവർസീസ് ബാങ്ക് മുൻ ചീഫ്മാനേജരും, ആൾ ഇൻഡ്യാ ബാങ്ക് റിട്ടയറീസ് & പെൻഷനേഴ്സ് കോൺഫെഡറേഷൻ ദേശീയ വൈസ് പ്രസിഡന്റുമായ ശ്രീകാര്യം കല്ലമ്പള്ളി ഗോരോചനത്തിൽ വി. ഗോപിനാഥ് (72) അന്തരിച്ചു സ്പോണ്ടിലോസിസിന് ശസ്ത്രക്രിയ നടത്തിയതിനെ തുടർന്ന് യാത്രാ പ്രശ്നങ്ങൾ നേരിട്ടിരുന്നു. കുറച്ചു നാളായി ബാഗ്ളൂരിൽ മകളോടൊപ്പമായിരുന്നു. 201.03.2022ന് അവിടെ വച്ചായിരുന്നു അന്ത്യം. മൃതദേഹം രാത്രി തിരുവനന്തപുരത്ത് എത്തി 21 ന് രാവിലെ 7 മണി മുതൽ കണ്ണമ്മൂല വിദ്യാധിരാജ റോഡിൽ ട്രാവൻകൂർ ബാങ്ക് ഓഫീസേഴ്സ് എഡ്യൂക്കേഷൻ സൊസൈറ്റി ഹാളിൽ പൊതുദർശനത്തിന് വച്ചു.. ശവസംസ്ക്കാരം ശാന്തികവാടത്തിൽ രാവിലെ 11 മണിക്ക് നടത്തി.



വി.ഗോപിനാഥ്

## അനുശോചനക്കുറിപ്പ്

ദീർഘകാലം എഐബിഒസി സംസ്ഥാന പ്രസിഡന്റ് ഐ ഒ ബി ഓഫീസേഴ്സ് അസോസിയേഷൻ വൈസ് പ്രസിഡന്റുമായിരുന്നു വി.ഗോപിനാഥ്.. ബാങ്കുജീവനക്കാരുടെ നിരവധി പ്രക്ഷോഭസമരങ്ങളിലും, ഈടുറ്റ സംഘടനാ പ്രവർത്തനങ്ങളിലും മുൻ നിന്നു പ്രവർത്തിച്ച പ്രമുഖ നേതാവായിരുന്നു. അദ്ദേഹം. ഐ ഒ ബി യിൽ ഓഫീസർമാരുടെ ആവശ്യങ്ങൾ മാനേജുമെന്റിനോട് പൊരുതി നേടിയെടുക്കുന്നതിനും, ഓഫീസർമാരുടെ ഡിഫൻസ് കാര്യങ്ങളിൽ പങ്കെടുത്ത് വാദമുഖങ്ങൾ നിരത്തുന്നതിനും പ്രത്യേക വൈദഗ്ദ്ധ്യമായിരുന്നു. എ ഐ ബി ഒ സി സംസ്ഥാന പ്രസിഡന്റായും, വൈസ് പ്രസിഡന്റായും നിരവധി വർഷം പ്രവർത്തിച്ചു. എ ഐ ബി ഒ സി യെ ശക്തമായ സംഘടനയായി മാറ്റിയെടുക്കുന്നതിൽ അദ്ദേഹത്തിന്റെ സംഭാവന വളരെ വലുതാണ്. അഗ്രിക്കൾച്ചർ ഓഫീസറായി ഐ ഒ ബി യിൽ ജോലിയിൽ പ്രവേശിച്ച് ഗോപിനാഥ്, 2010ൽ തിരു. റീജിയണൽ ഓഫീസിൽ ചീഫ് മാനേജരായാണ് വിരമിച്ചത്. ഭാര്യ: രേഖാ ഗോപിനാഥ് മക്കൾ : ധന്യ, ദൃശ്യ, ദർശന. മരുമക്കൾ: രണദേവ്, ദീപാനാഥ്, ബിജോയ്.

നിരവധി വർഷം ഗോപിസാറിനോടൊപ്പം സംഘടനാ രംഗത്ത് പ്രവർത്തിക്കാനായത് ഭാഗ്യമായിരുന്നു. വലിയ നഷ്ടമാണ് അദ്ദേഹത്തിന്റെ വിയോഗം. ബാങ്കിംഗ് മേഖലയിൽ വിശിഷ്യാ റിട്ടയേഡ് ബാങ്ക് ഓഫീസർ പ്രസ്ഥാനത്തിന് വലിയ നഷ്ടമാണ് ഉണ്ടാക്കിയിട്ടുള്ളത്. വിട്ടുവീഴ്ചയില്ലാത്ത കർമ്മനിരതനായ നേതാവിന് ഓർമ്മയുടെ ആയിരം ചുവന്ന പൂക്കൾ അർപ്പിക്കുന്നു.. ഗോപിസാറിന് ആദരാഞ്ജലികൾ!

ആർ. ഗിരീഷ് കുമാർ
ജില്ലാ സെക്രട്ടറി **AIBPARC, Trivandrum**

# കെ.ജി.ജെയിംസ്



കെ.ജി.ജെയിംസ്

എസ്. ബി. റ്റി. സ്റ്റാഫ് യൂണിയന്റെ ആരംഭം മുതൽ ദീർഘ കാലം ജനറൽ സെക്രട്ടറിയും പിന്നീട് പ്രസിഡന്റുമായിരുന്ന കെ.ജി.ജെയിംസ് അന്തരിച്ച വിവരം ഖേദപൂർവ്വം അറിയിക്കുന്നു. എസ്. ബി. റ്റി. ജീവനക്കാരെ ബാധിച്ചിരുന്ന നിരവധി കാര്യങ്ങളിൽ മാറ്റങ്ങൾ ഉണ്ടാക്കാൻ ശ്രമിക്കുകയും നടപ്പാക്കാൻ കാരണക്കാരൻ ആക്കുകയും ചെയ്ത ഒരു നേതാവായിരുന്നു. കെ.ജി.ജെയിംസിന്റെ വേർപാടിൽ അനുശോചനവും ദുഖവും രേഖപെടുത്തുന്നു. അദ്ദേഹത്തിന്റെ നിര്യാണത്തിൽ ദുഃഖിക്കുന്ന കുടുംബത്തിനെ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.

# എ.കെ.ഗോപാല കൃഷ്ണൻ നായർ



എ.കെ.ഗോപാലകൃഷ്ണൻ നായർ

എസ്.ബി.റ്റി. മുൻ ഉദ്യോഗസ്ഥൻ എ.കെ.ഗോപാലകൃഷ്ണൻ നായർ ,ഐക്കരപറമ്പിൽ, കുറുപ്പന്തറ, മാഞ്ഞൂർ ഈ ലോകത്തോട് വിട പറഞ്ഞിരിക്കുന്നു എന്ന ദുഃഖകരമായ വിവരം അറിയിക്കുന്നു. 68 വയസ്സായിരുന്നു.

## അനുശോചനക്കുറിപ്പ്

എ.കെ.ഗോപാലകൃഷ്ണൻ നായർ കുറുപ്പന്തറ സ്വദേശിയാണ്. 1970 - 75 സിഎം എസ് കോളേജിൽ അദ്ദേഹം എന്റെ സീനിയറായിരുന്നു. എസ്ബിടിയിൽ കോട്ടയത്ത് ക്ലാർക്കായി ചേർന്നു. തുടർന്ന് സിഎ പാസായ അദ്ദേഹം പിന്നീട് ക്ലറിക്കൽ കേഡറിൽ നിന്ന് പ്രമോഷനിൽ ഉചിതമായ പരിഗണന ലഭിക്കാത്തതിനാൽ രാജിവച്ചു. എറണാകുളത്ത് പ്രാക്ടീസ് തുടങ്ങി. ഭാര്യ എസ്ബിടി കോതനല്ലൂർ ബ്രാഞ്ചിൽ ജോലി ചെയ്തുവരികയായിരുന്നു.. 2010 ൽ എനിക്ക് പാലക്കാട്ടേക്ക് സ്ഥലംമാറ്റം ലഭിച്ചതിനാൽ, അദ്ദേഹത്തെ കാണാനുള്ള അവസരം കുറവായി. അദ്ദേഹത്തിന്റെ മക്കളെ കുറിച്ച് (അവരുടെ പഠനം, തൊഴിൽ, വിവാഹം മുതലായവ) പൂർണ്ണമായി അറിയില്ല. 8 മാസം മുമ്പ് കുറുപ്പന്തറ റെയിൽവേ സ്റ്റേഷനിൽ വെച്ചാണ് ഞാൻ അദ്ദേഹത്തെ അവസാനമായി കാണുന്നത്. കോട്ടയത്ത് നിന്ന് ട്രെയിൻ വന്നതിനാൽ ഞങ്ങൾക്ക് സംസാരം തുടരാനായില്ല. സ്കൂൾ കാലം മുതൽ ഞങ്ങൾക്ക് പരസ്പരം അറിയാം. അദ്ദേഹത്തിന്റെ ഇളയ സഹോദരൻ ഇപ്പോൾ ഇല്ല. കുറുപ്പന്തറയിലാണ് സിസ്റ്റർ താമസിക്കുന്നത്. അദ്ദേഹത്തിന്റെ കുടുംബത്തോടൊപ്പം ഞാനും അവരുടെ ദുഃഖത്തിൽ പങ്കുചേരുന്നു, വിയോഗം താങ്ങാനുള്ള ശക്തി അവർക്ക് നൽകാൻ ദൈവത്തോട് പ്രാർത്ഥിക്കുന്നു.

നാരായണസ്വാമി

# കെ.ജെ. മാത്യു



കെ.ജെ. മാത്യു

എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ പത്തനംതിട്ട ജില്ലാ കേന്ദ്രത്തിലെ അംഗം കെ.ജെ. മാത്യു, കിഴക്കേമറ്റത്തിൽ, ആലംതുരുത്തി, വളഞ്ഞവട്ടം നിര്യാതനായ വിവരം അഗാധമായ ദുഖത്തോടെ അറിയിക്കുന്നു.. ശവസംസ്കാരം നിരണം സെന്റ് മേരീസ് ഓർത്തൊഡോക്സ് വലിയ പള്ളിയിൽ നടത്തി. എസ്.ബി.ഐ പെൻഷനേഴ്സ് അസോസിയേഷൻ പത്തനംതിട്ട ജില്ല സെന്ററിന്റെ അനുശോചനം അറിയിക്കുന്നു. . പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.

# സാലി കുര്യൻ



സാലി കുര്യൻ

എസ്.ബി.ഐ.പെൻഷണേഴ്സ് അസ്സോസിയേഷന്റെ കോട്ടയം ജില്ലാ കേന്ദ്രത്തിലെ കോട്ടയം ഏരിയ ഒന്നിലെ അംഗമായ സാലി കുര്യൻ എസ്.എച്ച്.മൗണ്ട്: മുളകുമറ്റത്തിൽ പരേതനായ എം.കെ. ജെയിംസിന്റെ (മുന് മാനേജര്, കേരള സ്റ്റേറ്റ് കോ.ഓപ്പറേറ്റീവ് ബാങ്ക്) ഭാര്യ മുൻ SBT ഉദ്യോഗസ്ഥ നിര്യാതയായ വിവരം വ്യസന സമേതം അറിയിക്കുന്നു. 68 വയസ്സായിരുന്നു സംസ്കാരം ശനിയാഴ്ച (26.03.2022) ഉച്ചകഴിഞ്ഞ് 2.30 ന് തിരുഹൃദയ ക്കുന്ന് ആശ്രമ ദൈവാലയത്തിൽ നടത്തി.. പരേത ഇറഞ്ഞാൽ മൂഴയിൽ കുടുംബാംഗമാണ്. മക്കൾ: ജിഷ (സെന്റ് ഗിറ്റ്സ് എഞ്ചിനീയറിംഗ് കോളേജ് പാത്താമുട്ടം), പരേതയായ റ്റിഷ, അനീഷാ (ഓസ്ട്രേലിയ), അജിഷ (CUSAT). മരുമക്കൾ: ലൂക്ക് ലിയോണ് കുര്യന് പന്നിവേലിൽ (ബി.സി.എം കോളേജ് കോട്ടയം), ജോഫിന് ജോസ് കൊറ്റോത്ത് (ഓസ്ട്രേലിയ), ജെസ്‌വിൻ ബേബി പള്ളിപ്പുറത്ത് (സെന്റ് ജോണ്സ് ഹോസ്പിറ്റൽ ബാംഗ്ലൂര്)., എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു.

# ബീനാ കുമാരി



ബീനാ കുമാരി

നമ്മുടെ മെമ്പർ ബാലചന്ദ്രന്റെ (ബാലു) ഭാര്യ ബീനാ കുമാരി ( 58 വയസ്സ്) 31.03.2022ന് രാവിലെ 4.30 നു നിര്യാതയായ വിവരം വ്യസന സമേതം അറിയിക്കുന്നു. കോട്ടയം ചുങ്കം മെഡിക്കൽ കോളേജ് വഴിയിൽ പനമ്പാലം ജംഗ്ഷനിൽ നിന്നും തൊണ്ണം കുഴി റോഡിൽ ജംഗ്ഷനു സമീപം ആണ് ഭവനം. ശവസംസ്കാരം വൈകിട്ട് നാലിന് വീട്ടുവളപ്പിൽ നടത്തി.. എസ്. ബി. ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ കോട്ടയം ജില്ലാ ഭാരവാഹികൽ ഭവനത്തിലെത്തി അന്തിമോപചാരമർപ്പിക്കുകയും കുടുംബത്തെ അനുശോചനം അറിയിക്കുകയും അവരുടെ ദു:ഖത്തിൽ പങ്കു ചേരുകയും ചെയ്തു.

.

# ലെഗ് സ്പിൻ മാന്ത്രികൻ ഷെയ്ൻ വോൺ അന്തരിച്ചു



ലെഗ്സിൻ മാന്ത്രികന് പ്രണാമം!! ലോകക്രിക്കറ്റിന്റെ ജാലകപ്പടിയിൽ സൗന്ദര്യത്തികവോടെ തിളങ്ങിനിന്ന ഓസ്ട്രേലിയൻ താരം ഷെയ്ൻ വോൺ പൊടുന്നനെ നമ്മെ വിട്ടുപിരിഞ്ഞിരിക്കുന്നു. അപ്രതീക്ഷിതമായെത്തിയ ആ വാർത്ത നടുക്കത്തോടെയാണ് ക്രിക്കറ്റ് ലോകം ഉൾക്കൊണ്ടത് 2022 മാർച്ച് 4-ന്, 52 ആം വയസ്സിൽ, തായ്‌ലൻഡിലെ കോ സാമുയി ദ്വീപിലെ ഒരു വില്ലയിൽ വെച്ച് ഹൃദയാഘാതം മൂലം വോൺ മരിച്ചു ഓസ്ട്രേലിയൻ ക്രിക്കറ്റ് ഐക്കൺ റോഡ് മാർഷിന്റ അതേ ദിവസമാണ് അദ്ദേഹത്തിന്റ മരണം സംഭവിച്ചത്, സ്വന്തം മരണത്തിന് ഏതാനും മണിക്കൂറു കൾക്ക് മുമ്പ് വോൺ ടിറ്ററിൽ ആദരാഞ്ജലി അർപ്പിച്ചു.
52-ാം വയസ്സിലെ മരണം ആരാധകരെ വേദനിപ്പിക്കുന്നതാണ് . നിസ്സാരമെന്ന് തോന്നിപ്പിക്കുന്ന ഏതാനും ചുവടുകളാൽ ക്രിക്കറ്റ് ലോകത്തെ വോൺ അളന്നു. ക്രിക്കറ്റിന്റെ അഭിരുചികളെ തിരുത്തി . ലെഗ് സ്പിന്നറായ വോൺ സ്വന്തമാക്കിയ ആയിരത്തിലേറെ അന്താരാഷ്ട്ര വിക്കറ്റുകൾ ആ പ്രതിഭയുടെ സാക്ഷ്യങ്ങളാണ്.

ക്രിക്കറ്റ് ചരിത്രത്തിൽ ലോകത്തിലെ ഏറ്റവും മികച്ച ലെഗ് സ്പിന്നർമാരിൽ ഒരാളായി കണക്കാക്കപ്പെടുന്ന ഒരു മുൻ ആസ്ട്രേലിയൻ ക്രിക്കറ്റ് കളിക്കാരൻ ആണ് ഷെയ്ൻ കെയ്ത്ത് വോൺ

ജനനം: സെപ്റ്റംബർ 13 1969. മരണം: മാർച്ച് 4 2022. 1992-ൽ ടെസ്റ്റ് ക്രിക്കറ്റ് ആരംഭിച്ച വോൺ ടെസ്റ്റ് ക്രിക്കറ്റിൽ ആകെ 708 വിക്കറ്റുകൾ നേടി. 2007 ഡിസംബർ 3-ന് ശ്രീലങ്കൻ ബൗളറായ മുത്തയ്യ മുരളീധരൻ ഈ റെക്കോർഡ് തകർക്കുന്നതു വരെ ഇത് അന്താരാഷ്ട്ര ക്രിക്കറ്റിൽ ഒരു ലോക റെക്കോർഡായിരുന്നു.



2009ൽ ലോർഡ്സിൽ രാജസ്ഥാൻ റോയൽസിനെതിരേ വോൺ

വോൺ അന്താരാഷ്ട്ര ക്രിക്കറ്റിൽ ,ടെസ്റ്റിലും,എകദിനത്തിലും കൂടി, ആകെ 1000-ൽ അധികം വിക്കറ്റുകൾ നേടിയിട്ടുണ്ട്. മുത്തയ്യ മുരളിധരനു ശേഷം ഈ നേട്ടം കൈവരിക്കുന്ന ക്രിക്കറ്ററായിരുന്നു വോൺ. ടിവി പ്രക്ഷേപണം തുടങ്ങുന്നതിന് മുൻപ് തന്നെ ഇന്ത്യൻ മനസ്സുകളെ ആകർഷിക്കുകയും ഐക്കണിക്ക് പദവി നേടുകയും ചെയ്തിരുന്നു.

**അംഗങ്ങളിൽ നിന്നും പ്രസിദ്ധീകരണ യോഗ്യമായ വാർത്തകൾ ക്ഷണിക്കുന്നു.**

കവർച്ചിത്രം: കെ.കെ.കൃഷ്ണൻ കുട്ടി രചിച്ച ആതിരപ്പള്ളി വെള്ളച്ചാട്ടം

**രക്ഷാധികാരി**
ശ്രീ.കെ.രാജീവൻ,
**സംസ്ഥാന പ്രസിഡന്റ്**
എ.ജയകുമാർ,
സംസ്ഥാന ജനറൽ സെക്രട്ടറി

**പത്രാധിപ സമിതി**

മാനേജിംഗ് എഡിറ്റർ
**മാത്യു അടയ്ക്കാമുണ്ടയ്ക്കൽ**
ചീഫ് എഡിറ്റർ
**എം.ജി.രാഘവൻ**
എഡിറ്റർ
**പി.പി.ഫിലിപ്പ്**
**പത്രാധിപ സമിതി അംഗങ്ങൾ**
പി.എം.ജേക്കബ്
സി.പി.മാത്യു
എം.പി.പുഷ്കരൻ
കെ. എൻ വിശ്വനാഥൻ നായർ
ഈശോ ചെറിയാൻ
ജോൺ വി. ചെറിയാൻ
ജോസഫ് ജോൺ
ത്രേസ്യാമ്മ ആന്റണി
കെ.വി.ജോർജ്ജ്
കെ. കെ.പാപ്പച്ചൻ

P.S: ഇതിൽ പ്രകടിപ്പിച്ചിരിക്കുന്ന ആശയങ്ങൾ എല്ലാം എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷന്റേത് ആയിക്കൊള്ളണമെന്നില്ല

ഒരു സൃഷ്ടിയും ഒരിക്കലും പൂർണ്ണമാകുന്നില്ല. സൂഷ്മമായി നിരീക്ഷിച്ചാൽ കുറവുകൾ കണ്ടേക്കാം. അവ ഞങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തിയാലും.
ചീഫ് എഡിറ്റർ

എറണാകുളം ജില്ലാ അംഗം കെ.കെ.കൃഷ്ണൻ കുട്ടി, (LM 1014) രചിച്ച മനോഹരമായ ഓയിൽ പെയിന്റിംഗ്
ആതിരപ്പള്ളി വെള്ളച്ചാട്ടം



SBI PENSIONERS ASSOCIATION KERALA
KOTTAYAM- DISTRICT CENTRE, MARIYA BHAVAN I FLOOR,KUMARANALLOOR .P.O. KOTTAYAM Pin-686 016
Tel: 0481 25 67 373, Mobile : 9446424407, 9446046899, 9446122245
email: sbipakktym@gmail.com